കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മട്ടന്നൂർ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

E-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.നം കെ.എസ്.എ,കെ,എൻ.ആർ /സി.13/1806/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698

തീയതി: 27.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

മട്ടന്നൂർ നഗരസഭ

സർ,

വിഷയം :മട്ടന്നൂർ നഗരസഭ -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മട്ടന്നൂർ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 2-1,3-1,3-2,3-4- ലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളാ മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997ലെ കേരളാ മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
2)ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഇ.മെയിൽ)
3)ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

4)റീജിയണൽ ജോയിൻറ് ഡയറക്ടർ,നഗരകാര്യം ,കോഴിക്കോട്.

5)കാര്യാലയ പകർപ്പ്

നം കെ.എസ്.എ,കെ,എൻ.ആർ/സി.13/1806 /2017 തീയതി: 27.11.2017

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലികാ നിയമം 295(4) വകുപ്പ്, 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയുടെ 20116-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.നഗരസഭ 01.04.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 23നൽകിയതിൽ എണ്ണത്തിന് 11മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

## എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.അശോകൻ മഠത്തിൽ,സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 19.10.2017 മുതൽ 31.10.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| വിജോഷ്.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ആൽബർട്ട് ജോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ലതീഷ് കുമാർ.കെ.കെ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ചെയർമാൻ | കെ ഭാസ്കരൻ മാസ്റ്റർ | 01-04-2014 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | എം സുരേശൻ | 01-04-2016 മുതൽ 31-03-2017 വരെ |

നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | സുരേശൻ എം | 01-04-2016 മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | നാരായണൻ പി | 01-04-2016 മുതൽ 10-05-2016 വരെ |
| | കിരൺ കെ ജി | 11-05-2016 മുതൽ 17-06-2016 വരെ |
| | ജയൻ ടി.വി | 18-06-2016 മുതൽ 23-09-2016 വരെ |

| | | |
|---|---|---|
| | സതീഷ് കുമാർ ഡി | 24-09-2016 മുതൽ 15-10-2016 വരെ |
| | പൊന്നു ബി | 16-10-2016 മുതൽ 31-03-2017 വരെ |
| മുനിസിപ്പൽ എഞ്ചിനിയർ | ഷീമ കെ.വി | 01-04-2016 മുതൽ 31-03-2017 വരെ |
| സീനിയർ വെറ്റിനറി സർജൻ | രാമ അറുമുഖം | 01-04-2016 മുതൽ 31-03-2017 വരെ |
| പ്രൊജക്റ്റ് ഓഫീസർ | അനിത എം.ജി | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | ഡോ.സുഷമ | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.അനുപമ | 01-04-2016 മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ബേബിസുനില പി.സി | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ(ജി,എ.ഡി) | ഡോ.വീണ | 01-04-2016 മുതൽ 31-03-2017 |

| | | |
|---|---|---|
| | | വരെ |
| ഹെഡ് മാസ്റ്റർ | അംബുജാക്ഷൻ | 01-04-2016 മുതൽ 31-03-2017 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | വാർഡ് സഭ. | 1-7 |

| | | |
|---|---|---|
| | | |
| 8 | മോണിറ്ററിംഗ് | 1-8 |
| 9 | തനത് വരുമാനം | 1-9 |
| 10 | ക്ഷേമപദ്ധതികൾ | 1-10 |
| 11 | ക്യാഷ് വെരിഫിക്കേഷൻ | 1-11 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-12 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-13 |
| | ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14 | വസ്തുനികുതി അപാകങ്ങൾ | 2-1 |
| 15 | തൊഴിൽ നികുതി അപാകതകൾ | 2-2 |
| 16 | ബസ് സ്റ്റാന്റ് ഫീസ് മുഴവൻ തുകയും നഗരസഭയിൽ അടവാക്കിയിട്ടില്ല | 2-3 |
| 17 | ബസ് സ്റ്റാന്റ് ടെർമിനൽ കോപ്ലക്സിൽ ടെലിവിഷൻ | 2-4 |

| | | |
|---|---|---|
| | സ്ഥാപിച്ച് പരസ്യ സംപ്രേക്ഷണം ചെയ്യൽ കരാർ കാലാവധിക്ക് ശേഷം പ്രവർത്തനം നടത്തിയ തുക നഗരസഭാഫണ്ടിൽ അടവാക്കിയിട്ടില്ല | |
| 18 | ഡപ്പോസിറ്റ് തുക 85000 രൂപ കുറവായി അടവാക്കി | 2-5 |
| 19 | വാടക കുറവായി ഈടാക്കി 900 രൂപ നഷ്ടം | 2-6 |
| 20 | വാടക അടവാക്കുന്നില്ല | 2-7 |
| | ഭാഗം 3 ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 21 | ഫണ്ട് വിനിയോഗത്തിൽ പുരോഗതിൽ കൈവരിച്ചില്ല - 4കോടി 14ലക്ഷം രൂപ പാഴായി . | 3-1 |
| 22 | പ്രൊജക്ട് തയ്യാറാക്കാതെ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നത് ക്രമപ്രകാരമല്ല 3924401 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-2 |
| 23 | സർക്കാർ ഉത്തരവ് പാലിക്കാതെ ഹോണറേറിയം നൽകുന്നതിന് പ്രൊജക്ട് തയ്യാറാക്കി- 60,000/-രൂപ | 3-3 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 24 | ഭവനനിർമ്മാണ പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല – നിർമ്മാണം പൂർത്തീകരിക്കാത്തവർ നിരവധിപേർ | 3-4 |
| 25 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് മതിയായ തുക പ്രൊജക്റ്റിൽ വകയിരുത്തിയില്ല. | 3-5 |
| 26 | വനിതാ റിസോർസ് സെന്റർ പരിശീലനം -മാനദണ്ഡങ്ങൾ പാലിക്കാതെ ഓട്ടോറിക്ഷാ സബ്സിഡി നൽകി - 2,40,000/-തടസ്സപ്പെടുത്തുന്നു | 3-6 |
| 27 | ഉരുവച്ചാൽ വനിതാ ഹോസ്റ്റലിനു ഫർണിച്ചറുകൾ വാങ്ങി- ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല | 3-7 |
| 28 | പത്രപ്പരസ്യം അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കാൻ ശ്രമിക്കേണ്ടതാണ് | 3-8 |
| 29 | മുൻകൂർ തുക നൽകിയത് ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നില്ല | 3-9 |

| | | |
|---|---|---|
| | | |
| 30 | സെക്രട്ടറിയുടെ ശമ്പളം സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-10 |
| 31 | വർക്കേഴ്സ് വെൽഫെയർ ഫണ്ട് സെസ്-പിരിക്കുന്ന തുകയുടെ ഒരു ശതമാനം തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-11 |
| 32 | സർക്കാർ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴിമാത്രം ഇൻഷ്വറൻസ് പുതുക്കേണ്ടതാണ്. | 3-12 |
| 33 | അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല -170000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-13 |
| 34 | പേ വിഷബാധ നിയന്ത്രണ പദ്ധതി - വാഹന വാടക സംബന്ധിച്ച സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിക്കേണ്ടതാണ് | 3-14 |

| | | |
|---|---|---|
| 35 | പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധനക്ക് ഹാജരാക്കിയില്ല | 3-15 |
| 36 | മരുന്നുകൾക്കും ഉപകരണങ്ങൾക്കുമായി മുൻകൂർ തുക നൽകിയെങ്കിലും മുഴുവനായും സപ്ലൈ ചെയ്തിട്ടില്ല | 3-16 |
| 37 | പ്രവൃത്തി പൂർത്തിയാക്കിയതിലെ കാലതാമസം - പിഴ ഈടാക്കിയില്ല | 3-17 |
| 38 | ഇ-ടെണ്ടർ-ടെണ്ടർ ഫീ ഇനത്തിലെ തുക തനത് ഫണ്ട്-അക്കൌണ്ടിലേക്ക് മാറ്റിയിട്ടില്ല | 3-18 |
| | ഭാഗം 4 ഓഡിറ്റ് പ്രത്യവലോകനം | |
| 39 | ലഘു അവലോകനം | 4-1 |
| 40 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 41 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |

| | | |
|---|---|---|
| 43 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 44 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 45 | ഓഡിറ്റ് റിക്കവറി | 4-7 |
| 46 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

നഗരസഭയിലെ ഒരു വാർഡിൽ ഉപതെരഞ്ഞെടുപ്പ് നടത്തേണ്ടിവന്ന സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ നഗരസഭ കൌൺസിൽ 11.03.2016ലെ 1ാം നമ്പർ തീരുമാനപ്രകാരം 2016-17 വർഷത്തേക്ക് 2015-16 വർഷത്തെ ബജറ്റ് തന്നെ താൽക്കാലികമായി അംഗീകരിച്ച് പാസ്സാക്കുകയും പിന്നീട് നഗരസഭ കൗൺസിലിന്റെ 24.10.2016ലെ 1ാം നമ്പർ തീരുമാന പ്രകാരം 2016-17വർഷത്തെ പുതിയ ബജറ്റ് അംഗീകരിച്ച് പാസ്സാക്കുകയുമാണുണ്ടായത്. ബജറ്റിന്റെ വിവരം താഴെ ചേർക്കുന്നു

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ വരവ് |
|---|---|---|
| മുന്നിരിപ്പ് | 97847839 | 60132625.51 |

| | | |
|---|---|---|
| വരവ് | 420424700 | 170525902 |
| ആകെ | 518272539 | 230658527.51 |
| ചെലവ് | 488102000 | 170461228 |
| നീക്കിയിരിപ്പ് | 30170539 | 60197299.51 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.07.2017 | 31.07.2017 | തിരിച്ചയച്ചിട്ടില്ല. | തിരിച്ചയച്ചിട്ടില്ല. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 30.10.2017,31.10.2017 | കെ.എസ്.എ./കെ.എൻ.ആർ. /സി.13/1806/2017 തീ. 27.11.2017 |

വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പ്രധാന നികുതിഇനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, വാടക, ലേലം, പരസ്യനികുതി, എന്നിവയുടെയും ഡി&ഒ ലൈസൻസിന്റെയും ഡിമാന്റ് കളക്ഷൻ രജിസ്റ്റർ/കുടിശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. അതിനാൽ വാർഷിക കണക്കിലെ B15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

2)നികുതി/നികുതിയേതര വരവിന്റെ യഥാർത്ഥ കണക്കുകൾ ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല

3)നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എൻജിനീയർ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നീടാക്കിയ വാറ്റ്, നിർമ്മാണ ക്ഷേമനിധി,ഇൻകം ടാക്സ് ഇനത്തിലുള്ള തുകകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4)കൈമാറി കിട്ടിയ സ്ഥാപനങ്ങളടക്കമുള്ളവയുടെ ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി മൂല്യം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5)സഞ്ചയ സാംഖ്യ ഇന്റഗ്രേഷൻ നടത്തിയിട്ടില്ല.

6) തൻവർഷം സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 3008758/- രൂപ സ്ഥിര നിക്ഷേപമായി ഉണ്ട് .എന്നാൽ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് തുകയുമായി ഇത് പൊരുത്തപ്പെടുന്നില്ല. സ്ഥിരനിക്ഷപ രജിസ്റ്റർ പ്രകാരമുള്ള തുക 5005252 രൂപയാണ്.

7)തൻ വർഷം ഡെപ്പോസിറ്റ് രജിസ്റ്റർ വർഷാന്ത്യ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

8)ബാലൻസ് ഷീറ്റിലെ ബി5 ഷെഡ്യൂൾ പ്രകാരം Secured Loan ഇനത്തിൽ കാണിച്ചിട്ടുള്ള തുക (36561452) പ്രീപെയ്ഡ് എക്സ്പെൻസായി ബി16 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതാണ്.

9)26.07.2011 ലെ ജി.ഒ(എം.എസ്)152/11 ലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നഗരസഭയുടെ ആസ്തികൾ അപ്ഡേറ്റ് ചെയ്തിട്ടില്ല .

10)ഡി.ബി.റ്റി സ്റ്റേറ്റ്മെന്റ് പ്രകാരം വിതരണം ചെയ്ത പെൻഷന്റെ വരവും ചെലവും I-6 ലും I-14 ലും ചേർത്തിട്ടില്ല.

11)B14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്ക് ഇനത്തിൽ 593127-രൂപ രേഖപെടുത്തിയിട്ടുണ്ട്. കൃത്യത പരിശോധിക്കുവാൻ അനുബന്ധരേഖകളും രജിസ്റ്ററുകളും ലഭ്യമായിരുന്നില്ല.

12)B-15ഷെഡ്യൂളിൽ കിട്ടാനുള്ള മറ്റ് വരവുകളായി കാണിച്ച 2068607 രൂപയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

*13)*ബി-*4* ഷെഡ്യൂളിൽ ചെലവഴിക്കാൻ ബാക്കിയുള്ള ഗുണഭോക്തൃ വിഹിതമായി *2410442* രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്, ആയത് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 60132625.51 |
| വരവ് | 170525902 |
| ആകെ | 230658527.51 |
| ചെലവ് | 170461228 |
| നീക്കിയിരിപ്പ് | 60197299.51 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് | തൻവർഷത്തെ അലോട്ട്മെന്റ് | ആകെ | ചെലവ് | ബാക്കിയായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം * | 40008063 | 40008063 | 29679637 | 10328426 | 74.18 |
| വികസനഫണ്ട് എസ്.സി.പി. * | 3347685 | 3347685 | 471538 | 2876147 | 14.09 |
| വികസനഫണ്ട് ടി.എസ്.പി. * | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സംരക്ഷണഗ്രാന്റ് റോഡ് * | 10606635 | 10606635 | 8297305 | 2309330 | 78.22 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് * | 10418334 | 10418334 | 7514770 | 2903564 | 72.13 |
| 14-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് * | 51492254 | 51492254 | 36958428 | 14533826 | 71.77 |
| പെർഫോമൻസ് | 10074171 | 10074171 | 1649449 | 8424722 | 16.37 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് * | | | | | |
| എ.യു.ഇ.ജി.എസ്. (-) | 10285(+) 5000477 | 5000477 | 16000 | 4994762 | 0.32 |
| ബി ഫണ്ട് xx | | 38665851 | 38665851 | 38665851 | - |

* എ.സി.ആർ.പ്രകാരം

(xx) ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

( -) ചെക്ക് ഇഷ്യൂ റജിസ്റ്റർ പ്രകാരം

(+) മുൻബാക്കി

## 1-6 പദ്ധതി അലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 258 | 240640017 | 126 | 85826511 | 78 | 132 | 38.09 |

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | തുക | | |
| സെക്രട്ടറി | 8 | 4 | 3188196 | 2184339 | 68.51 |
| കൃഷി ഓഫീസർ | 4 | 4 | 4384250 | 3111620 | 70.97 |
| സീനിയർ വെറ്റിനറി സർജൻ | 5 | 5 | 4105000 | 1320591 | 32.17 |
| പ്രൊജക്ട് ഓഫീസർ | 26 | 3 | 39120698 | 3883889 | 9.93 |
| മുനിസിപ്പൽ എഞ്ചിനിയർ | 196 | 91 | 168793323 | 59332630 | 35.15 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8 | 12022839 | 10444585 | 86.87 |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി.) | 5 | 5 | 1450000 | 1372767 | 94.67 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| ഹെഡ് മാസ്ററർ | 4 | 4 | 6975711 | 3576090 | 51.26 |
| ആകെ | 258 | 126 | 240640017 | 85826511 | 35.67 |

ബി). ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 45273736 | 29679637 | 65.56 |
| എസ്.സി.പി | 6082174 | 471538 | 7.75 |

| | | | |
|---|---|---|---|
| ടി.എസ്.പി | - | - | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 54554138 | 36958428 | 67.75 |
| ലോകബാങ്ക് ധനസഹായം | 10074171 | 1649449 | 16.37 |
| കേന്ദ്രാവിഷ്കൃതം | 3140711 | 0 | 0 |
| സംസ്ഥാനാവിഷ്കൃതം | 625000 | 0 | 0 |
| തനത് ഫണ്ട് | 42551503 | 1046634 | 2.46 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 | 0 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 14295635 | 8297305 | 58.04 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 15701031 | 7514770 | 47.86 |
| മറ്റുള്ളവ | 48341918 | 208750 | 0.43 |
| ആകെ | 240640017 | 85826511 | 35.67 |

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിൽ 2016-17 വർഷം നഗരസഭയ്ക്ക് ഉദ്ദേശിച്ച നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ല. പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി അനുമതി ലഭിച്ച് മൊത്തം വകയിരുത്തിയ പദ്ധതി തുകയുടെ 35.67% തുക മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂ. സംരക്ഷണഗ്രാന്റുകൾ, എസ്.സി.പി ഫണ്ട്, ലോകബാങ്ക് ധനസഹായം എന്നിവയുടെ വിനിയോഗം തൃപ്തികരമല്ല. എസ്.സി.പി ഫണ്ടിന്റെ വെറും 7.75% തുകയാണ് വിനിയോഗിച്ചത്. അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളും, പ്രൊജക്ട് ഓഫീസർ, സീനിയർ വെറ്ററിനറി സർജൻ എന്നിവർ നിർവ്വഹണം നടത്തിയ മറ്റ് പ്രോജക്ടുകളും ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ സാധിച്ചില്ലെന്നത് പദ്ധതി നടത്തിപ്പിലെ വീഴ്ചയാണ്. സർക്കാർ അനുവദിക്കുന്ന വിവിധ ഫണ്ടുകളും ധനസഹായവും പൂർണ്ണമായും വിനിയോഗിക്കുന്നതിന് കാലേക്കൂട്ടിയുള്ള ആസൂത്രണം അത്യാവശ്യമാണ്. ഇക്കാര്യം വളരെ ഗൌരവപൂർവ്വം പരിശോധനാ വിധേയമാക്കേണ്ടതാണ്.

## 1-7 വാർഡ് സഭ

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 42.എ-യിൽ വാർഡ്സഭകളുടെ രൂപീകരണത്തെപ്പറ്റിയും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 03-08-2004 ലെ 22675/എൽ

3/99 നം.സർക്കുലറിൽ വാർഡ്സഭയുടെ സംഘാടനത്തെപ്പറ്റിയും വിശദമാക്കിയിട്ടുണ്ട്.നഗരസഭയിൽ ആകെ 34 വാർഡുകളാണ് ഉള്ളത്. വാർഡ് സഭ മിനിട്സ് പരിശോധിച്ചതിൽ വാർഡ്സഭകൾ അതിന്റെ യഥാർത്ഥ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ല എന്ന് കാണാൻ സാധിച്ചു.യോഗ അജണ്ടകൾ രേഖപ്പെടുത്താതിരിക്കുക,ക്വാറം തികയാതെ യോഗം നടത്തി തീരുമാനങ്ങളെടുക്കുക, നിശ്ചിത സമയ പരിധിക്കകം നിർബന്ധമായും ചേർന്നിരിക്കേണ്ട വാർഡ്സഭകൾ കൃത്യമായി നടത്താതിരിക്കുക,പ്രത്യേക വാർഡ്സഭകൾ വിളിച്ചുചേർക്കാതിരിക്കുക, മിനിട്സും തീരുമാനങ്ങളും കൃത്യമായി രേഖപ്പെടുത്താതിരിക്കുക, കോ-ഓർഡിനേറ്റർമാർ അവരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും നിറവേറ്റാതിരിക്കുക, മിനിട്സ് പൂർത്തിയാക്കാത്തതിരിക്കുക തുടങ്ങിവ വാർഡ് സഭ മിനിട്സ് പരിശോധിച്ചതിൽ പൊതുവെ കാണാൻ സാധിച്ച പോരായ്മകളാണ്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 42.എ. (5) പ്രകാരം ഒരു വാർഡ്സഭയുടെ ക്വാറം 10% ആണ്. എന്നാൽ നഗരസഭയുടെ വാർഡ്സഭാ മിനിട്സുകൾ പരിശോധിച്ചപ്പോൾ ഇതിനു വിരുദ്ധമായി ക്വാറം തികയാതെ യോഗം ചേർന്ന് തീരുമാനങ്ങൾ എടുത്തതായി കാണുന്നു. ഉദാഹരണം വാർഡ് 16 ൽ 27.12.2016 ന് ചേർന്ന വാർഡ് സഭയുടെ മിനുട്സ് കാണുക. അതുപോലെ ഇതേ വാർഡിൽ 28.02.2017 ന് ചേർന്ന വാർഡ് സഭയിലും ക്വാറം തികഞ്ഞിട്ടില്ല. ക്വാറം തികയാത്ത വാർഡ്സഭകൾ മാറ്റിവയ്ക്കുകയോ പിന്നീട് യോഗം നടത്തി തീരുമാനങ്ങൾ എടുത്തതായോ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വാർഡ് 29 ൽ 26.10.2016തീയ്യതിയിൽ ചേർന്ന വാർഡ് സഭയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തിയതിന്റെ തീരുമാനങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. പേരും ഒപ്പും മാത്രം ഉണ്ട്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന ഗുണഭോക്തൃ പട്ടിക അസാധുവാണെന്നിരിക്കെ ഈ ഗുണഭോക്തൃ പട്ടിക ഉപയോഗിച്ച് പദ്ധതി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് തദ്ദേശ ഭരണ വകുപ്പിന്റെ 02-09-1998 ലെ ജി.ഒ.(പി) 181/98 നം. ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്നകാര്യം നഗരസഭ വളരെ ഗൌരവപൂർവ്വം പരിശോധിക്കേണ്ട വിഷയമാണ്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 42.എ. (3) പ്രകാരം രൂപീകൃതമായ വാർഡ് സഭകൾ കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും നിശ്ചയിച്ച സ്ഥലത്ത് യോഗം ചേരേണ്ടതാണ്. എന്നാൽ നഗരസഭയുടെ പല വാർഡുകളിലും നിയമപ്രകാരം യോഗം ചേർന്നിട്ടില്ല.ഉദാഹരണമായി വാർഡ് 27ൽ വാർഡ് സഭ വർഷത്തിൽ രണ്ട് തവണമാത്രമേ ചേർന്നിട്ടുള്ളു.

സ.ഉ.(എം.എസ്) നം. 362/13/ത.സ്വ.ഭ.വ.,16-11-13 ലെ ഖ.11.6.1(iv) പ്രകാരം ഓരോ വാർഡ് സഭാ യോഗത്തിന്റെയും തീരുമാനങ്ങൾ അവിടെ വച്ചുതന്നെ എഴുതി ബന്ധപ്പെട്ട എല്ലാവരേയും കൊണ്ട് (അദ്ധ്യക്ഷൻ,കൺവീനർ,ഉദ്യോഗസ്ഥർ, റിസോഴ്സ് പേഴ്സൺമാർ - പങ്കെടുത്ത സഭാംഗങ്ങളിൽ ചുരുങ്ങിയത് 10 പേർ) ഒപ്പിട്ടുവിച്ച് സെക്രട്ടറിയെ ഏല്പിക്കേണ്ട ഉത്തരവാദിത്തം വാർഡ് സഭാ കോ-ഓർഡിനേററുടേതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. മേൽ ഉത്തരവിലെ ഖ.11.6.1.(v) പ്രകാരം ഹാജർ രജിസ്റ്റർ , ഗ്രൂപ്പ് ചർച്ചകളുടെ നിർദ്ദേശങ്ങൾ, ലഭിച്ച ചോദ്യങ്ങൾ,ഫോട്ടോഗ്രാഫ് എന്നിവയും മിനിട്സും

തീരുമാനങ്ങളും ശേഖരിച്ച് തൊട്ടടുത്ത ദിവസം കോ-ഓർഡിനേറ്റർ സെക്രട്ടറിയെ ഏല്പിക്കേണ്ടതും വാർഡ് സഭയുടെ ഫോട്ടോഗ്രാഫുകൾ അതത് മിനിട്സ് ബുക്കുകളിൽ ഒട്ടിച്ചുവെക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല.

വാർഡ് സഭകളിൽ അനിവാര്യമായി നടക്കേണ്ട ചർച്ചകൾ (ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യൽ, പെൻഷൻ അപേക്ഷകരുടെ നിജസ്ഥിതി പരിശോധിക്കൽ, ദുരിതാശ്വാസനിധി വരവ് ചെലവ് പരിശോധിക്കൽ, പൌരാവകാശരേഖ ചർച്ച ചെയ്യൽ എന്നിവ) ഒരു വാർഡ് സഭയിലും നടക്കുന്നില്ല.വാർഡ് സഭാ യോഗങ്ങൾ അതിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്.

03-08-2004 ലെ 22675 /എൽ.3/99 സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ വാർഡ് സഭകൾ കൃത്യമായി യോഗം ചേരുവാനും കാര്യക്ഷമമായിപ്രവർത്തിക്കുവാനും വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 മോണിറ്ററിംഗ്

പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നിർവ്വഹിക്കേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ്.വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടത്. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ് .എന്നാൽ 2016-17 വർഷം പ്രൊജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ലെന്നാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ കാണാനായത്. ഒരു പ്രോജക്ടിന്റെ നിർവഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടതായുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമവും ശക്തവുമാക്കി പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി സർക്കാർ 13.02.2009 ലെ ജി.ഒ(എം.എസ്)28/2009 ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം നഗരസഭ തലത്തിൽ ചെയ്യേണ്ട പ്രവർത്തനപരിപാടികളൊന്നും നടപ്പിലാക്കിയിട്ടില്ല. മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി നടത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യം നഗരസഭ കൌൺസിൽ ഉറപ്പുവരുത്തേണ്ടതാണ് .

## 1-9 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം 2015-16 | തൻവർഷം 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 11591415 | 15863969 | 4272554 | 36.86(+) |
| നികുതിയേതര വരവുകൾ | 6704836 | 11900792 | 5195956 | 77.50 (+) |
| മറ്റുവരവുകൾ | - | - | - | - |
| ആകെ | 18296251 | 27764761 | 9468510 | 51.75(+) |

# 1-10 ക്ഷേമപദ്ധതികൾ

2016-17വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 378120 | 228 |
| കർഷകതൊഴിലാളി വേതനം | 11345200 | 1261 |
| വിധവാപെൻഷൻ | 21265300 | 1895 |
| വാർദ്ധക്യകാലപെൻഷൻ | 16714100 | 2067 |
| വികലാംഗപെൻഷൻ | 3455200 | 373 |
| 50വയസ് തികഞ്ഞവർക്കുള്ള അവിവാഹിത പെൻഷൻ | 2031800 | 209 |

ഇതിൽ തൊഴിൽരഹിതവേതനം ഒഴിച്ചുള്ള മറ്റ് ക്ഷേമ പദ്ധതികളുടെ വരവ് ചെലവ് തുകകൾ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. നഗരസഭ ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്.

## 1-11 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 71,789/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-12 ആഭ്യന്തരനിയന്ത്രണം

നഗരസഭയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതായുണ്ട്. എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തി പ്രതിമാസ യോഗം ചേർന്ന നഗരസഭയുടെ മൊത്തത്തിലുള്ള പ്രവർത്തനപുരോഗതി അവലോകനം നടത്തിവരുന്നില്ല. സ്റ്റാഫ് മീറ്റിംഗ് മിനിട്സ് സൂക്ഷിക്കുന്നില്ലെന്ന വിവരമാണ് ഓഡിറ്റിന് നൽകിയത്. ഈ കുറവ് പരിഹരിക്കേണ്ടതായുണ്ട്. ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും പ്രവർത്തന വിലയിരുത്തലുകൾ നടത്തേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമായുണ്ട്. ജീവനക്കാർ ചെയ്യുന്ന ജോലികളിൽ മേലുദ്യോഗസ്ഥരുടെ മേൽനോട്ടക്കുറവ് ഉള്ളകാര്യം ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ള രേഖകളിൽ നിന്നും, ഫയലുകളിൽനിന്നും വ്യക്തമാവുന്നു.

## 1-13 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25/05/2015 | 2014-15 | 01/12/2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/05/15 | 2014-15 | 25/02/2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി അപാകങ്ങൾ

1.വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല

നഗര സഭയുടെ ഓഡിറ്റ് വർഷത്തിലെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി ഡിമാന്റായി 10737563 രൂപയും (I-1 ഷെഡ്യൂൾ പ്രകാരം) വസ്തു നികുതി ഇനത്തിൽ തൻവർഷ വരവായി 7298280 രൂപയും (ആർപി-37) പ്രകാരം, കുടിശ്ശികയായി പിരിച്ചെടുക്കുവാൻ 3439283 രുപയുമുണ്ട് (I-1-RP 37). ആയതിന്റെ ആധികാരികത പരിശോധിക്കുന്നതിന് വേണ്ടി 2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരമുള്ള ഫാറം 8 ൽ വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ എന്നറിയുന്നതിന് വേണ്ടി ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയതിന് വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. വസ്തുനികുതി അടവാക്കിയതിന്റെ ആധികാരികത പരിശോധിക്കുന്നതിന് വേണ്ടി വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2.വസ്തുനികുതി അക്കൗണ്ടുകൾ പൊരുത്തപ്പെടുന്നില്ല

2016-2017 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി തൻവർഷ ഡിമാന്റായി 10737563 രൂപയുണ്ട് (I-1 ഷെഡ്യൂൾ പ്രകാരം) വസ്തു നികുതി ഇനത്തിൽ തൻവർഷ വരവായി 7298280 രൂപയും(ആർപി-37) ഉണ്ട് ബി-15 ഷെഡ്യൂൾ പ്രകാരം തൻവർഷം പിരിച്ചെടുക്കുവാൻ ബാക്കി 887585 രൂപയാണ് ഉള്ളത്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിന്റെ വ്യത്യാസം വ്യക്തമാക്കുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (18/26.10.2017) വസ്തു നികുതി അക്കൗണ്ടിൽ പൊരുത്തക്കേടുകൾ ഉണ്ട് എന്നാണ് അറിയിച്ചത്, വസ്തു നികുതി അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3.വസ്തുനികുതി പരിഷ്കരണ പൂർത്തീകരണ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

14.01.2011 ലെ സ.ഉ(അ)18/2011 വസ്തുനികുതി പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള അന്തിമ വിജ്ഞാപനം 2.08.2013 ലെ ആർ1.6489/06 ആയി പ്രസിദ്ധീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും ഓഡിറ്റ് തീയ്യതിവരെ പൂർത്തിയായിട്ടില്ലഫീൽഡ് പരിശോധന നടത്തി ഫാറം 6 വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയത് സഞ്ചയ സോഫ്റ്റ് വെയറിൽ അംഗീകാരം നൽകുന്ന നടപടി പൂർത്തിയായിട്ടില്ല. അനധികൃത കെട്ടിടങ്ങളുടെ വാർഡ് തിരിച്ചുള്ള പട്ടിക പരിശോധനക്ക് ലഭ്യമാക്കുന്നതിന് വേണ്ടി ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയതിന് അനധികൃത നിർമ്മാണ പ്രവർത്തികൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നാണ് അറിയിച്ചത് അനധികൃത കെട്ടിടങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സഉ(എംസ്)നം 371/13 തസ്വഭവ തീ.2.12.2013 പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുതിയ നികുതി ദായകർക്ക് 14.01.2011 മുതലും നിലവിലുള്ളവർക്ക് 1.4.2013 മുതലും ബാധകമാണ്. നഗരസഭയിൽ 14.01.2011 മുതൽ 1.08.2013 വരെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി നിർണ്ണയിച്ചത്, ഈ കെട്ടിടങ്ങളിൽനിന്ന് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി 14.01.2011 മുതൽ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികൾ

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4.വസ്തുനികുതി നിർണ്ണയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം വസ്തുനികുതി നിർണ്ണയിച്ചാൽ ഫാറം 4-ലുള്ള വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് വർഷത്തിൽ ഫാറം 4-ലുള്ള വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ അല്ല പുതിയതായി നംമ്പർ നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നത് ചട്ടപ്രകാരമുള്ള വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 <u>തൊഴിൽ നികുതി അപാകതകൾ</u>

“സ്ഥാപനങ്ങൾ മുതലായവയുടെ പേരുകൾ നൽകുവാൻ ആവശ്യപ്പെടൽ” - സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽനികുതി )ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം സെക്രട്ടറി ഓരോവർഷവും ഏപ്രിൽ മാസത്തിൽ ഓരോ ഓഫീസ് മേധാവിയോടും , തൊഴിൽ നികുതി ഈടാക്കാൻ ബാധ്യസ്ഥരായ ഏതൊരാളോടും സ്ഥാപനത്തിന്റെയും പേരുകൾ ആവശ്യപ്പെട്ടുകൊണ്ട് V-ാം നമ്പർ ഫാറത്തിൽ നോട്ടീസ് നൽകേണ്ടതായുണ്ട്.ഇപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കുന്നതിന് വേണ്ടി ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം.17/26.10.2017) നൽകിയിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗര സഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയും,തൊഴിൽ നികുതി അടവാക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ പേരെയും, സ്ഥാപനങ്ങളേയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ടി ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി ഈ വിഷയത്തിൽ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

2.ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽനികുതി )ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നഗര സഭയുടെ ഓഡിറ്റ് വർഷത്തിലെ വാർഷിക ധനകാര്യപത്രിക പ്രകാരം തൊഴിൽ നികുതി ഇനത്തിൽ തൻ വർഷ വരവായി 4039698 രൂപയും((RP-1+RP-37 ഷെഡ്യൂൾ പ്രകാരം) കുടിശ്ശികയായി പിരിച്ചെടുക്കുവാൻ 4667292 രൂപയും ഉണ്ട്(B15 ഷെഡ്യൂൾ പ്രകാരം) ഇതിന് ആധികാരികമായ ഡിമാന്റ് രജിസ്റ്റർ,കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നതിന് വേണ്ടി ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം.17/26.10.2017) നൽകിയിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3. തൊഴിൽ നികുതി ഈടാക്കുമ്പോൾ റിട്ടേൺസ് സമർപ്പിക്കുന്നില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽനികുതി )ചട്ടങ്ങളിലെ ചട്ടം 4 ൽ(2) പ്രകാരം തൊഴിൽ നികുതി നിർണ്ണയിക്കുന്നതിലേക്കായി നിക്ഷേപങ്ങളിൽ നിന്ന് വരുമാനം ലഭിക്കുന്നവർ,സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ,കമ്പനികൾ,ബിസിനസ്സ് നടത്തുന്നവർ എന്നിവരോട് അവരുടെ അർദ്ധവർഷ വരുമാനം സംബന്ധിച്ച റിട്ടേണുകൾ ഫാറം VI ൽ സത്യപ്രസ്താവന അടക്കം സമർപ്പിക്കുവാൻ ആവശ്യപ്പെടേണ്ടതും,ആയത് പരിശോധിച്ച് നികുതി നിർണ്ണയിക്കേണ്ടതുമാണ്.ഫാറം VI ൽ റിട്ടേൺസ് സമർപ്പിച്ചത് പരിശോധിക്കുന്നതിന് വേണ്ടി ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം.17/26.10.2017) നൽകിയിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുമ്പോൾ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

4.നികുതി ഇളവ് അനുവദിക്കുമ്പോൾ ആയതിന് ആധികാരികമായ രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കുന്നില്ല.

ജിഒ(ആർടി)4756/2000 തസ്വഭവ തീ.27.11.2000,ജിഒ(ആർടി)1366/90 തസ്വഭവ തീ.27.03.1990 എന്നിവ പ്രകാരം അംഗവൈകല്യമുള്ളവരെ തൊഴിൽ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്നവർക്ക് നികുതി ഇളവ് അനുവദിച്ചത് ബന്ധപ്പെട്ട വികലാംഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് റിട്ടേൺസിന്റെ കൂടെ അടക്കം ചെയ്യാതെയാണ് ചില ഉദാഹരണങ്ങൾ ചുവടെ നൽകുന്നു.

സിഎച്ച്സി മട്ടന്നൂർ-

1.അബ്ദുൾ റഹീം.പികെ

2.പ്രകാശൻ ഒ

3.രമണി.ടിപി.-കേരള വാട്ടർ അതോറിറ്റി

4.സുരേഷ് പുതിയ വീട്ടിൽ-സിൻഡിക്കേറ്റ് ബാങ്ക് മട്ടന്നൂർ

തൊഴിൽ നികുതി ഇളവ് അനുവദിക്കുമ്പോൾ രേഖകൾ പരിശോധിച്ച് നടപടിപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ബസ് സ്റ്റാന്റ് ഫീസ് മുഴുവൻ തുകയും നഗരസഭയിൽ അടവാക്കിയിട്ടില്ല

നഗരസഭാ സെക്രട്ടറിയുടെ 21.03.2016 ലെ ആർ2-19140/13 നമ്പർ ഉത്തരവ് പ്രകാരം ബസ് സ്റ്റാന്റ് ഫീസ്സ് പിരിച്ചെടുക്കുവാനുള്ള അവകാശം 1.4.2016 മുതൽ 28.2.2017 വരെയുള്ള തീയ്യതികളിൽ 543000 രൂപയ്ക്ക് ശ്രീമതി. റീജ എം എന്നവർക്ക് നൽകിയിട്ടുണ്ട്, ഫീസ് പിരിക്കുന്നതിനുള്ള അവകാശം 28.2.2017-ന് അവസാനിക്കുന്നതിനാൽ കൗൺസിലിന്റെ 31.1.2017 ലെ തീരുമാനം നമ്പർ 20 പ്രകാരം 1.3.17 മുതൽ 31.3.17 വരെ നിലവിലുള്ള

വ്യവസ്ഥകൾ പ്രകാരം ഫീസ് പിരിക്കുന്നതിന് ടിയാരിക്ക് അനുമതി നൽകുകയും മുഴുവൻ തുകയും നഗരസഭയിൽ അടവാക്കുന്നതിന് അറിയിപ്പ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രകാരം 1.3.17 മുതൽ 31.3.17 വരെ പിരിച്ചെടുത്ത ബസ് സ്റ്റാന്റ് ഫീസ് നഗരസഭയിൽ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രശീതികൾ പരിശോധനക്ക് ലഭ്യമാക്കുന്നതിന് വേണ്ടി ഓഡിറ്റ് അന്വേഷണ കുറിപ്പ്(20/27.10.2017) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീസ് പിരിച്ചെടുത്ത തുക നഗരസഭാഫണ്ടിൽ അടവാക്കിയ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 2-4 ബസ് സ്റ്റാന്റ് ടെർമിനൽ കോംപ്ലക്സിൽ ടെലിവിഷൻ സ്ഥാപിച്ച് പരസ്യ സംപ്രേക്ഷണം ചെയ്യൽ കരാർ കാലാവധിക്ക് ശേഷം പ്രവർത്തനം നടത്തിയ തുക നഗരസഭാഫണ്ടിൽ അടവാക്കിയിട്ടില്ല

ബസ് സ്റ്റാന്റ് ടെർമിനൽ കോപ്ലക്സിൽ ടി വി സ്ഥാപിച്ച് പരസ്യ സംപ്രേക്ഷണം ചെയ്യുന്നതിനുള്ള അവകാശം 31.3.16-ന് തീർന്ന സാഹചര്യത്തിൽ കൗൺസിലിന്റെ 28.2.16 ലെ 11-ാം നമ്പർ തീരുമാന പ്രകാരം 11 മാസത്തേക്ക് പുതുക്കിനൽകിയിട്ടുണ്ട് 2017-18 വർഷത്തെ സംപ്രേക്ഷണ അവകാശം കൗൺസിലിന്റെ 19.4.17 ലെ 3-ാം നമ്പർ തീരുമാന പ്രകാരം 90000 രൂപയ്ക്ക് നൽകിയിട്ടുണ്ട് 1.3.17 മുതൽ 31.3.17 വരെ സംപ്രേക്ഷണം നടത്തിയതിന് കരാറുകാരൻ അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല,കരാർ കാലാവധിക്ക് ശേഷം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ തുക നഗരസഭാഫണ്ടിൽ അടവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-5 ഡെപ്പോസിറ്റ് തുക 85000 രൂപ കുറവായി അടവാക്കി

നഗരസഭാ ഷോപ്പിങ്ങ് കോംപ്ലക്സിലെ 4/67 k നമ്പർ മുറി കൗൺസിലിന്റെ 27.4.2016 ലെ 16-ാം നമ്പർ തീരുമാനപ്രകാരം ശ്രീ.അബ്ദുൾ സമദ് കെ.കെ എന്നവർക്ക് 350000 രൂപ ഡെപ്പോസിറ്റ് സ്വീകരിച്ച് 3000 രൂപ വാടകയ്ക്ക് നൽകുന്നതിന് തീരുമാനിച്ച് മുറി അനുവദിച്ചിട്ടുണ്ട്. 27.04.2016 ലെ കൗൺസിൽ അജണ്ട 16 (ഫയൽ നം.ആർ2 5808/12) പ്രകാരം ചെയർമാന്റെ മുൻകൂർ അനുമതിയോടുകൂടി ഒരു ഗഡു 115000 രൂപ അടവാക്കിയത് അഗീകരിക്കുകയും ബാക്കി തുക രണ്ട് ഗഡുക്കളായി അടവാക്കുവാൻ അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്.തുക അടവാക്കിയ വിവരം ചുവടെ നൽകുന്നു

| ഗഡു | തുക | റസീറ്റ് നം തീയ്യതി | കുറവ് |
|---|---|---|---|
| 1 | 115000 | 11603100812/20.4.16 | |
| 2 | 50000 | 104667/16.7.16 | |

| | | | |
|---|---|---|---|
| 3 | 100000 | 109535/27.10.16 | |
| ആകെ | 265000 | | 85000 |

കുറവ് വന്ന ഡെപ്പോസിറ്റ് തുക അടവാക്കിയിട്ടുണ്ടോ എന്നറിയുന്നതിന് വേണ്ടി ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അടവാക്കുവാൻ ബാക്കിയുള്ള ഡെപ്പോസിറ്റ് തുക അടവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 വാടക കുറവായി ഈടാക്കി 900 രൂപ നഷ്ടം

കൗൺസിലിന്റെ 30.3.16 ലെ 13-ാം നമ്പർ തീരുമാന പ്രകാരം മാർക്കറ്റ് ഷോപ്പിങ്ങ് കോംപ്ലക്സിലെ 7/924,925 നമ്പർ മുറികൾ റീജിയണൽ മാനേജർ സിവിൽ സപ്ലൈസ് കോർപ്പറേഷന് നിലവിലുള്ള വാടകയായ 1500 രൂപയിൽ നിന്ന് 5% വർദ്ധനവ് വരുത്തി 1575 രൂപയ്ക്ക് അനുവദിച്ചിട്ടുണ്ട്, എന്നാൽ പ്രസ്തുത സ്ഥാപനം 1500 രൂപ മാത്രമേ അടവാക്കുന്നുള്ളൂ. കുറവ് വന്ന 900 രൂപ ഈടാക്കിയിട്ടുണ്ടോ എന്നറിയുന്നതിന് വേണ്ടി ഓഡിറ്റ് അന്വേഷണകുറിപ്പ് നൽകിയിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന 900 രൂപ മുൻസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-7 വാടക അടവാക്കുന്നില്ല

മിനി വ്യവസായ എസ്റ്റേറ്റ് കല്ലൂർ എന്ന സ്ഥലത്ത് വ്യവസായ സംരഭം തുടങ്ങുന്നതിന് സ്ഥലം അനുവദിച്ച താഴെപ്പറയുന്നവർ ഓഡിറ്റ് വർഷത്തിൽ വാടക അടവാക്കിയതായി കാണുന്നില്ല വിശദ വിവരം ചുവടെ നൽകുന്നു.

| അനുവദിച്ച വ്യക്തിയുടെപേര് | പ്ലോട്ട് നം. | വിസ്തീർണ്ണം (സെന്റ്) | 1 സെന്റ് സ്ഥലത്തിന് വാടക നിശ്ചയിച്ചത് |
|---|---|---|---|
| ആയിപ്പുഴ പ്രദീപ് കുമാർ | G | 14 | 2000 |
| കെ.കെ ബാബു | E | 14 | 2000 |
| എം.ബിജേഷ് | S | 24.25 | 2500 |

| | | | |
|---|---|---|---|
| ഷബേഷ് | D | 12 | 3010 |
| ലഷിജ ഉണ്ണികൃഷ്ണൻ | F | 13 | 3010 |
| പ്രദീപ്കുമാർ കെ.കെ | Q | 10 | 3010 |
| അനീഫ.കെ | C | 15 | 3010 |
| സുമയ്യ.സി.കെ | R | 12.25 | 3010 |
| പി.സുരേഷ് ബാബു | P | 9 | 3000 |

വാടക അടവാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല, വാടക കുടിശ്ശിക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ട് വിനിയോഗത്തിൽ പുരോഗതി കൈവരിച്ചില്ല - 4കോടി 14ലക്ഷം രൂപ പാഴായി

ജി.ഒ(പി)177/06 ഫിൻ തീ.12.04.2006 ധനവിനിയോഗ നടപടിക്രമങ്ങൾ പരിഷ്കരിച്ചുകൊണ്ട് ജി.ഒ(പി)400/14 ഫിൻ തീ.19.09.2014, ജി.ഒ(പി)119/15 ഫിൻ തീ.21.03.2015,ജി.ഒ(പി)419/15 ഫിൻ തീ.19.09.2015 എന്നിവ പ്രകാരം ഉത്തരവാകുകയും സഞ്ചിതനിധിയിൽ നിന്നും പബ്ലിക് അക്കൌണ്ടിലേക്ക് ഫണ്ട് മാറ്റി നൽകുന്ന സമ്പ്രദായം 2015-16വർഷം മുതൽ നിർത്തൽ ചെയ്യുകയും ചെയ്തു. ഇതനുസരിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകും. ഇപ്രകാരം ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അതാത് വർഷം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ബാക്കിയായ ഫണ്ടുകൾ ഇതുവരെയായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സർക്കാർ തിരികെ നൽകിയിട്ടില്ലാത്തതിനാൽ സാങ്കേതികമായി ഈ തുക നഷ്ടപ്പെട്ടിരിക്കുകയാണ്. സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൻ ചെലവഴിക്കപ്പെടാതെ ബാക്കിയായതിനാൽ മട്ടന്നൂർ നഗരസഭക്ക് നഷ്ടപ്പെട്ടത് കോടിക്കണക്കിന് രൂപയാണ്. ഓരോ ഫണ്ടിനത്തിലും നഗരസഭക്ക് നഷ്ടപ്പെട്ട തുകകളുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ബാക്കിയായ തുക |
|---|---|
| വികസനഫണ്ട് ജനറൽ | 10328426 |
| വികസനഫണ്ട് എസ്.സി.പി | 2876147 |
| പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 14533826 |
| ലോകബാങ്ക് ധനസഹായം | 8424722 |
| മെയിന്റനൻസ് ഫണ്ട നോൺ റോഡ് | 2903564 |
| മെയിന്റനൻസ് ഫണ്ട റോഡ് | 2309330 |
| ആകെ | 4,13,76,015 |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ നഗരസഭ വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതുകൊണ്ടാണ് ഇത്രയും വലിയ തുക നഷ്ടമായത്. ഇക്കാര്യത്തിൽ കൗൺസിലിനും ജീവനക്കാർക്കും വീഴ്ച പറ്റിയത് വിലയിരുത്തേണ്ടതാണ്. ഫണ്ട് വിനിയോഗത്തിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഉണ്ടാകേണ്ടതുണ്ട്.ആയതിനാൽ ഈ കാര്യത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചകൾ വളരെ ഗൌരവപൂർവ്വം പരിശോധിച്ച് പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ ജനക്ഷേമപ്രവർത്തനങ്ങൾക്കായി സമയബന്ധിതമായി വിനിയോഗിക്കുന്നതിന് കാലേക്കൂട്ടി തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്. ഈ വിഷയം നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-2 പ്രൊജക്ട് തയ്യാറാക്കാതെ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നത് ക്രമപ്രകാരമല്ല 3924401 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ ജി.ഒ.എം.എസ്സ്.4/2016 /ത.സ്വ.ഭ.വ. 11/01/16 ലെ ഭാഗം Iഖണ്ഡിക 4-3, 4-4 പ്രകാരം ഒരു തദ്ദേശ ഭരണ സ്ഥാപനം അതിന്റെ പ്രദേശത്തു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും (വിഭവ സ്രോതസ്സ് ഏതു തന്നെ ആയിരുന്നാലും ) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നും ആവർത്തനങ്ങൾ ഒഴിവാക്കേണ്ടത് അനിവാര്യമാകയാൽ തദ്ദേശ ഭരണ സ്ഥാപനം മുഖേന നടപ്പിലാക്കുന്ന എല്ലാ കേന്ദ്ര, സംസ്ഥാന ആവിഷ്കൃത പദ്ധതികളും പ്രത്യേക നിർദ്ദേശങ്ങൾ ഇല്ലാത്തപക്ഷം പദ്ധതിയിൽ ഉൾച്ചേർക്കേണ്ടതാണ് എന്നും പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. മട്ടന്നൂർ നഗരസഭ തൻ വർഷം പദ്ധതി തയ്യാറാക്കാതെ തനത് ഫണ്ടിൽ നിന്നും താഴെ പറയുന്ന ആവശ്യങ്ങൾക്ക് തുക ചെലവ് ചെയ്തിട്ടുണ്ട്

| ക്ര. | വൗച്ചർ നം | ചെലവ് തുക ചെക്ക് നം | ആവശ്യം |
|---|---|---|---|

| നം. | തീയതി | / തീയതി | |
|---|---|---|---|
| 1 | 49/4-16 //18-04-16 | 57187 2105170//18-04-16 | പ്രിൻറർ 3 എണ്ണം കമ്പ്യൂട്ടർ കെയർ, കണ്ണൂർ എന്ന സ്ഥാപനത്തിൽനിന്നും വാങ്ങാൻ |
| 2 | 278/7-16 //12-07-16 | 2700000 | നഗരസഭക്ക് ക്വാർട്ടേഴ്സ് കെട്ടിടം പണിയാൻ പഴശ്ശി വില്ലേജ് R/S No 105/2-ൽ പെട്ട 60 സെൻറ് സ്ഥലം കെ സുരേഷ്ബാബു എന്നവരിൽ നിന്നും വിലയ്ക്ക് വാങ്ങാൻ |
| 3 | 288/7-16 //19-07-16 | 226920 | നഗരസഭക്ക് ക്വാർട്ടേഴ്സ് കെട്ടിടം പണിയാൻ പഴശ്ശി വില്ലേജ് R/S No 105/2-ൽ പെട്ട 60 സെൻറ് സ്ഥലം കെ സുരേഷ്ബാബു എന്നവരിൽ നിന്നും വിലയ്ക്ക് വാങ്ങൽ- രജിസ്ട്രേഷൻ ചാർജ് |

| | | | |
|---|---|---|---|
| | | | മുദ്രപത്രം എഴുത്ത് കൂലി എന്നിവ |
| 4 | 1069/03-17 //09-03-17 | 914284/- 2127196//09-03-2017 | ഉരുവച്ചാൽ വനിതാ ഹോസ്റ്റലിനു ആവശ്യമായ ഫർണിച്ചർ റബ്കോ കേരളയുടെ കണ്ണൂർ ഷോറൂമിൽ നിന്നും വാങ്ങാൻ |
| 5 | 1070/03-17 //09-03-17 | 26010/- 2127198//09-03-2017 | ഉരുവച്ചാൽ വനിതാ ഹോസ്റ്റലിനു ആവശ്യമായ ബെഡ്ഷീറ്റ്, പില്ലോ കവർ എന്നിവ ഹാൻവീവ് കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാൻ |

| | | | |
|---|---|---|---|
| | | | |
| | ആകെ | 3924401 | |

പദ്ധതി വിഭാവനം ചെയ്യാതെ തനത് ഫണ്ടിൽ നിന്നും മേൽപ്പറഞ്ഞ ആവശ്യങ്ങൾക്ക് തുക ചെലവ് ചെയ്തത് ക്രമപ്രകാരമല്ല. പദ്ധതിയുടെ അഭാവത്തിൽ ചെലവ് ആവശ്യമായിരുന്നോ എന്നും, ചെലവ് അതിന്റെ ഉദ്ദേശ ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോ എന്നും, യഥാവിധി മോണിറ്ററിങ് നടന്നിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.പ്രൊജക്റ്റ് തയ്യാറാക്കാതെ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്ത 3924401 രൂപ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് 26.10.2017-ന് നൽകിയ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-3 സർക്കാർ ഉത്തരവ് പാലിക്കാതെ ഹോണറേറിയം നൽകുന്നതിന് പ്രൊജക്റ്റ് തയ്യാറാക്കി- 60,000/-രൂപ തടസ്സപ്പെടുത്തുന്നു

സ്ത്രീശാക്തീകരണ മേഖലയിൽ പ്രവർത്തനം സംഘടിപ്പിക്കുക,ജാഗ്രതാ സമിതിയുടെ നഗരസഭാതലത്തിലുള്ള പ്രവർത്തനം ശക്തിപ്പെടുത്തുക, സ്ത്രീ പദവി ഉയർത്തുക എന്നീ ലക്ഷ്യം മുൻനിർത്തി നഗരസഭ ഒരു വനിതാ റിസോർസ് സെന്റർ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനത്തിന് 2016-17 വർഷം പ്രൊജക്റ്റ് നം.207/17 പ്രകാരം 3,08,000/- രൂപ വകയിരുത്തിയിട്ടുണ്ട്. കോ-ഓർഡിനേറ്ററുടെ ഹോണറേറിയം, പത്രമാസികകൾ നൽകൽ, ജാഗ്രതാ സമിതി പ്രവർത്തനം, യോഗ പരിശീലനം, ബോധ വൽക്കരണ ക്ലാസ്സ് തുടങ്ങിയങ്ങിയവക്ക് ആകെ 2,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

സ.ഉ.(സാധാ)നം.4/16 തസ്വഭവ തീ.11.01.2016 പദ്ധതി ആസൂത്രണ/സബ്സിഡി മാർഗ്ഗരേഖ അനുബന്ധം15 ഖണ്ഡിക.7.2പ്രകാരം ശമ്പളം /ഹോണറേറിയം നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ശമ്പളം/ഹോണറേറിയം നൽകുന്നതിന് സർക്കാർ അനുവദിച്ചിട്ടുള്ള ഇനങ്ങളിൽ കോ-ഓർഡിനേറ്റർക്ക് ഹോണറേറിയം നൽകുന്നത് ഉൾപ്പെടുന്നില്ല. രജനി.പി.പി.എന്നവർക്ക് പ്രതിമാസം 10,000/-രൂപ നിശ്ചയിച്ച് ആറ് മാസത്തേക്ക് 60,000/-രൂപ നൽകിയിട്ടുണ്ട്. (ബിൽ നം.4/17തീ.31.10.16, ബിൽ നം.14/17തീ.23.03.17)

സ.ഉ.(സാധാ)നം.248/12തസ്വഭവ.തീ.29.09.2012,സ.ഉ.(സാധാ)362/13 തീ.16.11.13 പദ്ധതി ആസൂത്രണ/ സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം ചില നിയന്ത്രണങ്ങൾക്ക് വിധേയമായി നേരത്തെ ആറ് മാസക്കാലത്തേക്ക് ശമ്പളം /ഹോണറേറിയം

അനുവദനീയമായിരുന്നു. എന്നാൽ ഈ വ്യവസ്ഥ 2016-17 വർഷത്തേക്ക് ബാധകമായ സ.ഉ.(സാധാ)നം.4/16 തസ്വഭവ തീ.11.01.2016 പദ്ധതി ആസൂത്രണ/സബ്സിഡി മാർഗ്ഗരേഖയിൽ ഒഴിവാക്കിയിട്ടുണ്ട്. ഈ വ്യവസ്ഥകൾ പാലിക്കാതെയാണ് ശമ്പളം/ഹോണറേറിയം നൽകുന്നതിന് പ്രൊജക്ട് തയ്യാറാക്കി തുക ചെലവഴിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 3/17 തീ.25.10.17 മറുപടി നൽകിയിട്ടില്ല. സർക്കാർ ഉത്തരവിന്റെ ലംഘനം ഗൗരവപരമായ വീഴ്ചയായി കാണുന്നു.

കൂടാതെ കോ-ഓർഡിനേറ്ററുടെ നിയമനം സംബന്ധിച്ച് വിവരങ്ങൾ, ഇവരുമായുണ്ടാക്കിയ കരാർ, എന്തൊക്കെ ജോലികൾ ഏൽപ്പിച്ചിട്ടുണ്ടെന്നും, ചുമതലകൾ, എത്രകാലത്തേക്കാണ് നിയമനമെന്നും, വേതനനിരക്ക് എത്രയെന്നും, വനിതാ റിസോർസ് സെന്ററിൽ നിന്നും ഏതെങ്കിലും തരത്തിൽ പണം പിരിച്ചെടുക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ തുക എവിടെ നിക്ഷേപിക്കുന്നുവെന്നും, ഇത്തരം കാര്യങ്ങളിൽ എന്തെങ്കിലും ബൈലോ തയ്യാറാക്കിയിട്ടുണ്ടോയെന്നും തുടങ്ങിയ വിവരങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി നൽകിയിട്ടില്ല. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടുമില്ല.

സർക്കാർ ഉത്തരവ് പരിഗണിക്കാതെ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളതിനാൽ 60,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 <u>ഭവനനിർമ്മാണ പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല – നിർമ്മാണം പൂർത്തീകരിക്കാത്തവർ നിരവധിപേർ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രൊജക്ട് ഓഫീസർ (നഗര ദാരിദ്ര്യനിർമ്മാർജന സെൽ )

2016-17 വർഷം പ്രൊജക്ട് ഓഫീസർ (നഗര ദാരിദ്ര്യനിർമ്മാർജന സെൽ)നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 26 പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 16 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകളാണ്. എന്നാൽ നാമമാത്രമായ പ്രൊജക്ടുകളാണ് നടപ്പിലാക്കിയത്. സ്പിൽ ഓവർ പ്രൊജക്ടുകളിൽ 13 എണ്ണവും ഭവനനിർമ്മാണ പ്രൊജക്ടുകളാണ്. 2007-08 വർഷം ആരംഭിച്ച ഭവനനിർമ്മാണ പ്രവർത്തികൾ പോലും ഇതുവരെയായി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. തൻ വർഷം ഏറ്റെടുത്ത സ്പിൽ ഓവർ പ്രൊജക്ടുകളിൽ ഒരെണ്ണത്തിന് പോലും തുക ഒന്നും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഭവനനിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/17തീ.20.10.2017)സമർപ്പിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1)ഇ.എം.എസ്.സമ്പൂർണ്ണ ഭവന പദ്ധതി (14/17)

| ക്രമ നം. | പേര് | ആരംഭിച്ച വർഷം | ഇതുവരെയായി കൈപ്പറ്റിയ തുക | നൽകാൻ ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കരിഞ്ചി മണിയൻ | 2009-10 | 70000 | 30000 |
| 2 | നാരായണി കോമന്റെ മൂല | 2009-10 | 70000 | 30000 |
| 3 | യശോദ.ഏളന്നൂർ | 2010-11 | 22500 | 52500 |
| 4 | സജീർ,കീച്ചേരി | 2009-10 | 67500 | 30000 |
| 5 | മൊയ്തീൻകുട്ടി | 2010-11 | 30000 | 70000 |
| 6 | സി.കെ.കൌസു | 2009-10 | 52500 | 22500 |
| 7 | പൊതാണ്ടി ശാന്ത | 2009-10 | 52500 | 22500 |
| 8 | ആയിസുമ്മ | 2009-10 | 22500 | 52500 |
| 9 | രോഹിനി തോട്ടുംകര | 2009-10 | 22500 | 52500 |
| 10 | വയലാളി പവിത്രൻ | 2009-10 | 52500 | 22500 |
| 11 | നിവിത പവിത്രൻ | 2010-11 | 67500 | 7500 |
| 12 | കെ.ജാനു | 2009-10 | 52500 | 22500 |
| 13 | എൻ.കെ.ശിവൻകുട്ടി നായർ | 2010-11 | 22500 | 52500 |
| 14 | കല്യാടൻ കാർത്യായനി | 2009-10 | 52500 | 22500 |
| 15 | പവിത്രൻ ചോഴൻ | 2009-10 | 52500 | 22500 |
| 16 | മൌവ്വഞ്ചേരി രാജേഷ് | 2010-11 | 52500 | 22500 |

| | | | | |
|---|---|---|---|---|
| 17 | കെ.ബാലകൃഷ്ണൻ | 2009-10 | 52500 | 22500 |
| 18 | കാപ്പാടൻ ദേവകി | 2010-11 | 90000 | 10000 |
| 19 | പുതുശ്ശേരി പുഷ്പ | 2010-11 | 67500 | 7500 |
| 20 | നിർമ്മല നാരോത്ത് | 2010-11 | 52500 | 22500 |
| 21 | ലക്ഷ്മണൻ.എം.കെ. | 2011-12 | 90000 | 10000 |
| 22 | നബീസ.കെ. | 2011-12 | 22500 | 52500 |
| 23 | ആറ്റടപ്പ ജാനകി | 2009-10 | 52500 | 22500 |
| 24 | സജീവൻ.കെ. | 2009-10 | 67500 | 7500 |
| 25 | ലക്ഷ്മി അമ്മ | 2009-10 | 67500 | 7500 |
| 26 | രാഘവൻ.എം.കെ. | 2009-10 | 52500 | 22500 |
| 27 | വടക്കെ വീട്ടിൽ സുരേന്ദ്രൻ | 2009-10 | 67500 | 7500 |
| 28 | തോട്ടത്താൻ കാർത്യായനി | 2009-10 | 52500 | 22500 |
| 29 | മഞ്ഞക്കര ജാനകി | 2010-11 | 52500 | 22500 |
| 30 | നരോൻ മമ്മൂട്ടി | 2009-10 | 67500 | 7500 |
| 31 | നബീസ.കെ. | 2009-10 | 22500 | 52500 |

| | | | | |
|---|---|---|---|---|
| 32 | കൈതേരിക്കണ്ടി കാർത്യായനി | 2010-11 | 22500 | 52500 |
| 33 | പുലിക്കോടൻ ബാലകൃഷ്ണൻ | 2010-11 | 52500 | 22500 |
| 34 | മറിയം | 2009-10 | 67500 | 7500 |
| 35 | എം.സുബൈദ | 2009-10 | 52500 | 22500 |

2)ബി.പി.എൽ കുടുംബങ്ങൾക്ക് ഭവനനിർമ്മാണം (15/17)

| ക്രമ നം. | പേര് | ആരംഭിച്ച വർഷം | ഇതുവരെയായി കൈപ്പറ്റിയ തുക | നൽകാൻ ബാക്കി |
|---|---|---|---|---|
| 1 | എം.ലക്ഷ്മണൻ | 2008-09 | 45000 | 5000 |
| 2 | കുഞ്ഞും പിടുക്ക ഭാസ്കരൻ | 2008-09 | 45000 | 5000 |
| 3 | തച്ചറോൻ സുലോചന | 2008-09 | 5000 | 45000 |

3)പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണം (13/17)

| ക്രമ നം. | പേര് | ആരംഭിച്ച വർഷം | ഇതുവരെയായി കൈപ്പറ്റിയ തുക | നൽകാൻ ബാക്കി |
|---|---|---|---|---|
| 1 | നാരായണി വി.വെള്ളാറമ്പൻ | 2012-13 | 225000 | 50000 |

| | | | | |
|---|---|---|---|---|
| 2 | പെരുവാണിയൻ രാജൻ | 2012-13 | 175000 | 75000 |

4)ബി.പി.എൽ കുടുംബങ്ങളിലെ വനിതകൾക്ക് ഭവനനിർമ്മാണം(16/17)

| ക്രമ നം. | പേര് | ആരംഭിച്ച വർഷം | ഇതുവരെയായി കൈപ്പറ്റിയ തുക | നൽകാൻ ബാക്കി |
|---|---|---|---|---|
| 1 | കൊയിലത്ത് ബിന്ദു | 2008-09 | 45000 | 5000 |
| 2 | പി.ദേവകി | 2008-09 | 25000 | 25000 |
| 3 | കോളയാളൻ ജാനകി * | 2008-09 | 45000 | 5000 |

* മരണപ്പെട്ടതായി അറിയിച്ചു.

5)ബി.പി.എൽ കുടുംബങ്ങളിലെ വനിതകൾക്ക് ഭവനനിർമ്മാണം (17/17)

| ക്രമ നം. | പേര് | ആരംഭിച്ച വർഷം | ഇതുവരെയായി കൈപ്പറ്റിയ തുക | നൽകാൻ ബാക്കി |
|---|---|---|---|---|
| 1 | കൈപ്പച്ചേരി മാധവി | 2007-08 | 45000 | 5000 |
| 2 | കെ.ഷീല കരിയിൽ വീട് | 2007-08 | 45000 | 5000 |
| 3 | കെ.സുമതി | 2007-08 | 45000 | 5000 |

6)ഭവനനിർമ്മാണം ആശ്രയ (18/17)

| ക്രമ നം. | പേര് | ആരംഭിച്ച വർഷം | ഇതുവരെയായി കൈപ്പറ്റിയ തുക | നൽകാൻ ബാക്കി |
|---|---|---|---|---|
| 1 | മാലതി.പി.കരേറ്റ | 2009-10 | 90000 | 10000 |
| 2 | ലക്ഷ്മി അമ്മ കാവളാൻ | 2009-10 | 90000 | 10000 |
| 3 | ഞണ്ടാടി യശോദ | 2009-10 | 90000 | 10000 |
| 4 | കുളേരി നാരായണി * | 2009-10 | 90000 | 10000 |

* മരണപ്പെട്ടതായി അറിയിച്ചു.

7) ഭവനനിർമ്മാണം വനിതകൾക്ക് (12/17)

| ക്രമ നം. | പേര് | ആരംഭിച്ച വർഷം | ഇതുവരെയായി കൈപ്പറ്റിയ തുക | നൽകാൻ ബാക്കി |
|---|---|---|---|---|
| 1 | പ്രീന.കെ.പി | 2014-15 | 180000 | 20000 |

ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടപ്രകാരം 2016-17വർഷം ഏറ്റെടുത്ത് പൂർത്തീകരിക്കപ്പെടാത്ത മുഴുവൻ ഭവനനിർമ്മാണ പ്രവൃത്തികളുടെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പട്ടികജാതി വിഭാഗം കുടുംബങ്ങൾക്ക് ഭവനനിർമ്മാണം (6/17), പട്ടികജാതി വിഭാഗം കുടുംബങ്ങൾക്ക് ഭവനനിർമ്മാണം (7/17), പട്ടികജാതി വിഭാഗം കുടുംബങ്ങൾക്ക് ഭവനനിർമ്മാണം (8/17), പട്ടികജാതി വിഭാഗം കുടുംബങ്ങൾക്ക് ഭവനനിർമ്മാണം (9/17), ബി.പി.എൽ കുടുംബങ്ങൾക്ക് ഭവനനിർമ്മാണം(20/17)എന്നീ പ്രൊജക്ടുകളും തൻവർഷം ഏറ്റെടുത്ത് തുക ഒന്നും ചെലവഴിക്കാത്ത മറ്റു പ്രൊജക്ടുകളാണ്. ഇതിൽ പട്ടികജാതി പ്രൊജക്ടുകൾ മുൻ വർഷങ്ങളിൽ പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ

പ്രൊജക്ടുകളാണെന്നും ബന്ധപ്പെട്ട ഫയലുകൾ പട്ടികജാതി വികസന ഓഫീസറുടെ കൈവശമാണുള്ളത് എന്നും ആയതിന്റെ വിവരങ്ങൾ ലഭ്യമല്ലെന്നുമാണ് അറിയിച്ചത്. പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ വിശദവിവരങ്ങൾ അറിയാതെ പ്രൊജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ടു തയ്യാറാക്കി ഫണ്ട് വകയിരുത്തിയത് എപ്രകാരമാണെന്ന് വ്യക്തമല്ല.

മേൽപറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം കരാർ വ്യസസ്ഥ പ്രകാരം നൽകിയ തുക പലിശ സഹിതം തിരിച്ചുപിടിക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. .

## 3-5 <u>ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് മതിയായ തുക പ്രൊജക്ടിൽ വകയിരുത്തിയില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നം.83/17പ്രകാരം ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് പ്രൊജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന 85 പേർക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. സ.ഉ.(സാധാ)നം.4/16 തസ്വഭവ തീ.11.01.2016 പദ്ധതി ആസൂത്രണ/സബ്സിഡി മാർഗ്ഗരേഖ അനുബന്ധം15 ഖണ്ഡിക5.8പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 12 മാസവും പ്രതിമാസ സ്കോളർഷിപ്പ് നൽകാവുന്നതാണ്. പ്രൊജക്ടിൽ 10 മാസത്തെ തുക നൽകുവാനാണ് തുക വകകൊള്ളിച്ചിട്ടുള്ളത്. എന്നാൽ 10 മാസം അനുവദനീയമായ തുക പോലും ആർക്കും നൽകാനായില്ല. നഗരസഭക്ക് സർക്കാർ ഫണ്ട് യഥേഷ്ടം ഉണ്ടായിരിക്കെ സർക്കാർ അനുവദിച്ചിട്ടുള്ള നിരക്കിൽ പ്രതിമാസ സ്കോളർഷിപ്പ് നൽകാത്തത് വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-5 തീയതി:25-10-2017) മറുപടി നൽകിയിട്ടില്ല. ഇക്കാര്യത്തിൽ മതിയായ വിശദീകരണം നൽകേണ്ടതാണ്.

## 3-6 <u>വനിതാ റിസോഴ്സ് സെന്റർ പരിശീലനം -മാനദണ്ഡങ്ങൾ പാലിക്കാതെ ഓട്ടോറിക്ഷാ സബ്സിഡി നൽകി - 2,40,000/-തടസ്സപ്പെടുത്തുന്നു.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട്- 4/17

അടങ്കൽ - 2,45,000/-

ബിൽ നം .9/17.01.2017 - 240000/-

മേൽ പ്രൊജക്ട് പ്രകാരം 2016-17 വർഷം ആറ് വനിതകൾക്ക് 40,000/-രൂപ വീതം ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡിയായി നൽകിയിട്ടുണ്ട്.ഇതിനായി ആകെ

2,40,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

സ.ഉ.(സാധാ)നം.4/16 തസ്വഭവ തീ.11.01.2016 പദ്ധതി ആസൂത്രണ/സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 15 ഖണ്ഡിക.3.7പ്രകാരം ഇതിന് ഏതാനും വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ട്. ഒരിക്കൽ ഈ ധനസഹായം ലഭിച്ചവർ ധനസഹായത്തിന് അർഹരല്ല.ആയത് ഉറപ്പ് വരുത്തിക്കാണുന്നില്ല. ഗുണഭോക്താക്കൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ സ്വയം സംരംഭകമിഷനിലോ പേര് റജിസ്റ്റർ ചെയ്തവരായിരിക്കണം. ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ലഭിച്ചവരായിരിക്കണം. മറ്റ് ഏജൻസികളിൽ നിന്നും ധനസഹായം ലഭിച്ചവർ ആകരുത്. വായ്പാ ബന്ധിത പ്രൊജക്ട് ആയിരിക്കണം. എന്നാൽ ഇത്തരം വ്യവസ്ഥകൾ പാലിച്ചതായി തെളിയിക്കുന്ന രേഖകൾ /സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്തൃലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രൊജക്ടിന്റെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/ തീയതി:25-10-2017)മറുപടി നൽകിയിട്ടില്ല.

സ്പിൽ ഓവറായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം ഇതുവരെയായി 20 പേർക്ക് ഡ്രൈവിംഗ് പരിശീലനം നൽകിയിട്ടുണ്ടെന്നും നേരത്തെ പരിശീലനം പൂർത്തിയാക്കിയവരിൽ 14 പേർക്ക് ഇനിയും ഓട്ടോറിക്ഷാ വാങ്ങുന്നതിന് സബ്സിഡി നൽകാൻ ബാക്കിയുണ്ടെന്നും അറിയിച്ചു. പരിശീലനം പൂർത്തിയാക്കിയ എല്ലാവർക്കും ഓട്ടോറിക്ഷാ വാങ്ങുന്നതിന് അർഹമായ ധനസഹായം നൽകി പ്രൊജക്ട് പ്രകാരം ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കേണ്ടതുമാണ്. തുടർ പ്രവർത്തനങ്ങളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കാതെ ധനസഹായം നൽകിയതിനാൽ 2,40,000/-രൂപ തടസ്സപ്പെടുത്തുന്നു.

## **3-7** ഉരുവച്ചാൽ വനിതാ ഹോസ്റ്റലിനു ഫർണിച്ചറുകൾ വാങ്ങി-ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല

2016-17വർഷം ഉരുവച്ചാൽ വനിതാ ഹോസ്റ്റലിനു റബ്കോ കണ്ണൂർ നിന്നും ഫർണിച്ചർ വാങ്ങുന്നതിന് തനതു ഫണ്ടിൽ നിന്നും 914284 രൂപ ചെലവഴിച്ചിട്ടുണ്ട്. (ചെക്ക് നം / തീയതി 212796//9-03-17) ടെണ്ടർ കൂടാതെ നേരിട്ടാണ് ഫർണിച്ചറുകൾ വാങ്ങിയിട്ടുള്ളത്.

| | |
|---|---|
| കട്ടിൽ | 50 എണ്ണം |
| മേശ | 23 എണ്ണം |
| മരക്കസേര | 20 എണ്ണം |

| | |
|---|---|
| സോഫ | 3 എണ്ണം |
| ടീപോയ് | 2 എണ്ണം |
| ഡൈനിങ്ങ് ടേബിൾ | 5 എണ്ണം |
| സ്റ്റഡി ചെയർ | 50 എണ്ണം |

മേൽ പറഞ്ഞ ഫർണിച്ചറുകൾ വാങ്ങി 8 മാസം പിന്നിടുമ്പോഴും ആയവ ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടില്ല എന്ന് മനസ്സിലാകുന്നു. വാങ്ങിയ സാധനങ്ങൾ വനിതാ ഹോസ്റ്റലിൽ സൂക്ഷിച്ചിരിക്കുകയാണ്. വനിതാ ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തിയിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. വനിതാ ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഹോസ്റ്റൽ നടത്തിപ്പിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികളും പൂർത്തീകരിച്ചിട്ടില്ല .

സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാതെ വൻതുകയ്ക്കുള്ള ഫർണിച്ചറുകൾ ടെണ്ടർ പോലും ക്ഷണിക്കാതെ മുൻകൂട്ടി വാങ്ങിക്കൂട്ടിയ നടപടി സ്വീകാര്യമല്ല . പണം ചെലവഴിച്ച് ആർജ്ജിക്കുന്ന ഒരു ആസ്തി ഉപയോഗപ്പെടുത്താതെ നിഷ്ക്രിയമായി ഇടുന്നത് ആ ആസ്തി സൃഷ്ടിക്കുന്നതിന് ചെലവഴിച്ച പണത്തിന്റെ ദുർവിനിയോഗമായി മാത്രമേ കാണാൻ കഴിയൂ. ആയതിനാൽ ഇത് സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കേണ്ടതും ഹോസ്റ്റൽ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

## 3-8 പത്രപ്പരസ്യം അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കാൻ ശ്രമിക്കേണ്ടതാണ്

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻ വകുപ്പിന്റെ 22.1.13-ലെ ജി.ഒ(പി)1/13/I &PRD നമ്പർ ഉത്തരവ്, 10.9.2014-ലെ ജി.ഒ(ആർ.ടി)288/14/I&PRDനം ഉത്തരവ് എന്നിവ പ്രകാരം വകുപ്പ് മുഖേനയോ നേരിട്ടോ മലയാള ദിനപത്രങ്ങളിൽ അച്ചടിയ്ക്കായി നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഏജൻസി മുഖേന പത്രപ്പരസ്യങ്ങൾ നൽകിയതിനാൽ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയില്ല. പത്രപ്പരസ്യം നൽകിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| പരസ്യം നൽകിയ പത്രം | നൽകിയ തുക | V. നം/ തീയതി |
|---|---|---|

| | | |
|---|---|---|
| മാതൃഭൂമി | 10560 | 185/6-16//21-07-16 |
| ദേശാഭിമാനി | 6960 | 186/6-16//21-07-16 |
| മാതൃഭൂമി | 7040 | 453/8-16//20-08-16 |
| ദേശാഭിമാനി | 4640 | 452/8-16//20-08-16 |
| ദേശാഭിമാനി | 6240 | 676/11-16//30-11-16 |
| ദേശാഭിമാനി | 5120 | 907/01-17//30-01-17 |
| ദേശാഭിമാനി | 3840 | 971/02-17//15-02-17 |
| ആകെ | 44400 | |

ഡിസ്കൗണ്ട് ആനുകൂല്യം പ്രയോജനപ്പെടുത്തിയിരുന്നുവെങ്കിൽ 6660/ രൂപ (44400x15%) പരസ്യച്ചെലവിനത്തിൽ കുറവുണ്ടാകുമായിരുന്നു. തുടർ നടപടികൾക്കായി ഇക്കാര്യം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-9 മുൻകൂർ തുക നൽകിയത് ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുച്ഛേദം 99 പ്രകാരം, താൽക്കാലിക അഡ്വാൻസുകൾ, വർക്ക് അഡ്വാൻസുകൾ എന്നിവ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ നഗരസഭയിൽ വിവിധ ആവശ്യങ്ങൾക്ക് നൽകിയ മുൻകൂറുകളിൽ വാർഷിക കണക്ക് പ്രകാരം 17084466 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. മുൻകൂർ രജിസ്റ്റർ എഴുതി പൂർത്തീകരിക്കുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല വാർഷികക്കണക്കിലെയും രജിസ്റ്ററിലെ കണക്കിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല. ആയത് കൃത്യമാക്കേണ്ടതാണ്.

വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്ന മുൻകൂറുകൾ മൂന്നു മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ഈടാക്കുന്ന തീയതി വരെയുള്ള കാലയളവിലെ 18% പലിശ സഹിതം ഈടാക്കേണ്ടതാണ്. ക്രമീകരിക്കാത്ത മുൻകൂറുകൾ ശമ്പളബില്ലിൽ നിന്നും ഈടാക്കുകയോ റവന്യൂ റിക്കവറിയിലൂടെ ഈടാക്കുകയോ ചെയ്യുവാൻ സർക്കുലർ നം: 43/12/ധനം. തീയതി:

24.07.2012 ൽ നിർദ്ദേശിക്കുന്നുണ്ട്. അഡ്വാൻസ് തുകകൾ യഥാസമയം ക്രമീകരിക്കാതിരുന്നവരിൽ നിന്നും തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കാതിരുന്നത് ബന്ധപ്പെട്ട സെക്ഷന്റെയും സൂപ്രണ്ടിന്റെയും സെക്രട്ടറിടെയും വീഴ്ചയായി വിലയിരുത്തുന്നു. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഈ വിഷയം നഗരസഭ ഗൗരവത്തോടെയെടുക്കുന്നില്ലെന്ന് മാത്രമല്ല വീഴ്ചകൾ ആവർത്തിക്കുകയും ചെയ്യുന്നു.

2016-17-ൽ നല്കിയ മുൻകൂറുകൾ ചെലവ് രേഖകൾ ഹാജരാക്കിയിട്ടുള്ളപക്ഷം കാലതാമസത്തിന് പലിശ ഈടാക്കി ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം മുൻകൂർ തുക പലിശ സഹിതം ഈടാക്കുകയും ചെയ്ത് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

## 3-10 സെക്രട്ടറിയുടെ ശമ്പളം സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3), കേരളാസർവ്വീസ് റൂൾസ് പാർട്ട് 1 റൂൾ 146 എന്നിവ പ്രകാരം നഗരസഭാസെക്രട്ടറി ഒരു സർക്കാർ ഉദ്യോഗസ്ഥനെന്നനിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പിൻവലിക്കേണ്ടതും ടിയാന്റെ സേവനം നഗരസഭയ്ക്കായി വിട്ടുനൽകിയിട്ടുള്ളതിനാൽ പ്രസ്തുത തുകകളും പെൻഷൻ അംശദാനവും മുനിസിപ്പാലിറ്റി തനതുഫണ്ടിൽ നിന്ന് മാസം തോറും തിരികെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്. എന്നാൽ രജിസ്റ്ററുകളുടെയും ഫയലുകളുടെയും അഭാവത്തിൽ ഇക്കാര്യം പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. സെക്രട്ടറിയുടെ ശമ്പളവും, അലവൻസുകളും, പെൻഷൻ അംശദാനവും ഏത് കാലയളവ് വരെ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് അടവാക്കിയിട്ടുണ്ടെന്നുള്ളതിന്റെ വിവരവും, അടവാക്കിയതിന്റെ വിശദാംശങ്ങളും, സഞ്ചിത നിധിയിലേയ്ക്ക് തുക ഒടുക്കിയതിന് ശേഷം നാളിതുവരെ സെക്രട്ടറി കൈപ്പറ്റിയ ശമ്പളത്തിന്റെയും അലവൻസുകളുടെയും വിശദാംശങ്ങളും സഞ്ചിത നിധിയിലേയ്ക്ക് ഒടുക്കുവാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും പെൻഷൻ അംശദാനം സർക്കാരിലേക്ക് ഒടുക്കു വരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്

## 3-11 വർക്കേഴ്സ് വെൽഫെയർ ഫണ്ട് സെസ്-പിരിക്കുന്ന തുകയുടെ ഒരു ശതമാനം തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതാണ്

1996ലെ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുത്ത് തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്നാൽ നഗരസഭാ നാളിതുവരെ ഇപ്രകാരം ചെയ്തിട്ടില്ല. ഭാവിയിൽ ഈ ഇനത്തിൽ കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിലേക്ക് അടവാക്കുവാൻ വേണ്ടി നഗരസഭ പിരിക്കുന്ന തുകയുടെ 1% നിരക്കിൽ ഓപ്പറേഷണൽ ചെലവായി നഗരസഭാ ഫണ്ടിലേക്ക് മുതൽ കൂട്ടുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 സർക്കാർ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴിമാത്രം ഇൻഷ്വറൻസ് പുതുക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് നമ്പർ 819/2000/Fin തീയതി 18-04-2000 പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കേണ്ടത് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴിയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കിയത് യുണൈറ്റൈഡ് ഇന്ത്യ ഇൻഷ്വറൻസ് ലിമിറ്റഡ് വഴിയാണ്. ഇതിനായി നഗരസഭ തൻ വർഷം 86442 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴിമാത്രം ഇൻഷ്വറൻസ് പുതുക്കേണ്ടതാണ്.

## 3-13 അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല -170000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ജി.ഒ(പി)419/2011.ധനം.4/10/2011 അനുസരിച്ച് വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ (KFC അനുച്ഛേദം 99 പ്രകാരമുള്ളത്) കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. നിശ്ചിത സമയപരിധിയിൽ അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും തിരിച്ച് പിടിക്കണം. കൂടാതെ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ച് പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കണം. നഗരസഭയിൽ 2016-17 സാമ്പത്തിക വർഷം അഡ്ജസ്റ്റ്മെന്റ് ചെയ്ത വിവരം ലഭ്യമല്ലാത്ത വൗച്ചറുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം/ തീയതി | വൗച്ചർ നം. | അഡ്വാൻസ് സ്വീകരിച്ചതിന്റെ വിവരം | ഉദ്ദേശ്യം | തുക |
|---|---|---|---|---|---|
| 1 | 119760//04-10-16 | 551/10-16 //4-10-16 | 34 വാർഡ് തല ഹെൽത്ത് ആൻറ് സാനിറ്റേഷൻ കമ്മിറ്റികൾക്ക് | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 34 വാർഡ് തല ഹെൽത്ത് ആൻറ് സാനിറ്റേഷൻ കമ്മിറ്റികൾക്ക് മുൻകൂർ നൽകിയ തുക | 170000 |

അഡ്വാൻസ് തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരംലഭ്യമാക്കേണ്ടതാണ്

.170000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## **3-14** പേ വിഷബാധ നിയന്ത്രണ പദ്ധതി - വാഹന വാടക സംബന്ധിച്ച സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിക്കേണ്ടതാണ്

നിർവ്വഹണം - വെറ്ററിനറി സർജൻ

പ്രൊജക്റ്റ് നം-- 22 /16- 17 പേ വിഷബാധ നിയന്ത്രണ പദ്ധതി

അടങ്കൽ ---₹ 25000 (വികസന ഫണ്ട് (G) )

ചെലവ്--- ₹ 20610 (വികസന ഫണ്ട് (G) )

ബിൽ നം --5/ 2016-17 / 30.03.17. ₹20610

മേൽ പദ്ധതിക്കായി താഴെ പറയുന്ന വിധം തുക ചെലവഴിച്ചിട്ടുണ്ട്

| | |
|---|---|
| നോട്ടീസ് പ്രിന്റിംഗ് | 1550 |
| ബാനർ | 3900 |
| വാഹന വാടക | 15160 |
| ആകെ | 20610 |

05-03-2017 തീയതിയിൽ പേ വിഷബാധ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി മൈക്ക് അനൗൺസ്മെന്റ് നടത്താനും, 06-03-2017 മുതൽ 14-03-2017 വരെയുള്ള തീയതികളിൽ പ്രതിരോധ കുത്തിവയ്പ്പ് നടത്തുവാൻ മെഡിക്കൽ ടീമിനെ നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ കൊണ്ട് എത്തിക്കുന്നതിനും വേണ്ടി (കോട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട്) വാടകയ്ക്ക് ജീപ്പ് വിളിച്ച ചെലവിലേക്കും തുക ചെലവഴിച്ചിട്ടുണ്ട്. വാഹനം വാടകയ്ക്ക് എടുത്തത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| തീയതി | പോയ സ്ഥലം | ചെലവഴിച്ച സമയം | വെയ്റ്റിംഗ് സമയം (മണിക്കൂർ) |
|---|---|---|---|
| 06-03-16 | മരുതായി | 9-12.30 | 3.5 |
| 07-03-16 | പൊറോറ | 9-01 | 4 |
| 08-03-16 | കളറോഡ് | 9-12 | 3 |
| 09-03-16 | പരിയാരം | 9.30-11.30 | 2 |
| 10-03-16 | അയ്യല്ലൂർ | 9.30-12 | 2.5 |

| | | | |
|---|---|---|---|
| 11-03-16 | വായാന്തോട് | 9-1.30 | 4.5 |
| 12-03-16-ഞായർ | ആശുപത്രി | 9-12 | 3 |
| 13-03-16 | പഴശ്ശി | 9.30-12 | 2.5 |
| 14-03-16 | കയനി | 9-12 | 3 |
| | | ആകെ | 24.5 |

വാടകയ്ക്ക് വാഹനം ലഭ്യമാക്കിയ ശ്രീ അശോക് കുമാർ എ, ചാലാടൻ ഹൌസ് ( Reg No: KL-58-C-585)എന്ന ആളുടെ ഡിമാൻഡ് പ്രകാരം ടിയാന്റെ ജീപ്പ് 10 ദിവസം ഉപയോഗിച്ചെന്നും കിലോമീറ്ററിന് 30 രൂപ നിരക്കിൽ വാഹനം മേൽക്കാലയളവിൽ 272 കിലോമീറ്റർ ഓടിയിട്ടുണ്ടെന്നും ആയതിനാൽ വാഹന വാടകയായി 8160 രൂപയും, പ്രതിദിനം 700 രൂപ നിരക്കിൽ 10 ദിവസത്തേയ്ക്ക് അർഹമായ വൈറ്റിംഗ് ചാർജ് 7000 രൂപയും നൽകണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ അംഗീകരിച്ച നിരക്കിൽ തുക നൽകിയിട്ടുണ്ട് .

ഇത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ കൊടുക്കുന്നു

1) 17-10-2014 ലെ ജി ഒ പി (ട്രാൻസ്‌പോർട് )നം 74/2014 പ്രകാരം മേൽ ക്കാലയളവിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കാൻ അനുവദിക്കാവുന്ന തുകയുടെ പരിധി താഴെ പറയും പ്രകാരം ആണ്. എന്നാൽ ഉത്തരവിനെ അധികരിച്ച നിരക്കിലാണ് വാടക നൽകിയിട്ടുള്ളത്.

| | |
|---|---|
| ഹയർ ചാർജ്<br>1500 സിസി ക്ക് മുകളിൽ കപ്പാസിറ്റി ഉള്ള മോട്ടോർ ക്യാബ് , ജീപ്പ് etc. | 15 /km |
| വെയ്റ്റിംഗ് ചാർജ് | 50 /hr ഒരു ദിവസം മാക്സിമം 500 രൂപ |

2) ജീപ്പ് വാടകയ്ക്ക് ഉപയോഗിച്ചതിന്റെ ട്രിപ്പ് ഷീറ്റ് വച്ചിട്ടില്ല. ആയതിനാൽ വാഹനം എത്ര കിലോമീറ്റർ ഓടി എന്നോ എത്ര സമയം വൈറ്റിംഗ് ഉണ്ടായിട്ടുണ്ട് എന്നോ ഉള്ള വിവരം ലഭ്യമല്ല. ഭാവിയിൽ ഇത്തരം പ്രവൃത്തികൾ സുതാര്യമായ രീതിയിൽ നിർവ്വഹിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

അപാകതകൾ ആവർത്തിക്കുവാതിരിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്

## 3-15 പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധനക്ക് ഹാജരാക്കിയില്ല

തദ്ദേശഭരണ വകുപ്പിന്റെ 8.11.2010 ലെ ജി ഒ (പി)259/10 നം ഉത്തരവ് പ്രകാരം തദ്ദേശ

ഭരണ വകുപ്പിന്റെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും ഉപയോഗത്തിനു വേണ്ടി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം നഗരസഭയിൽ രൂപീകരിച്ചിട്ടുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനുട്സ് രേഖാമൂലം ആവശ്യപ്പെട്ടിട്ടും പരിശോധനക്ക് ഹാജരാക്കുകയുണ്ടായില്ല. സെക്രട്ടറിയുൾപ്പെടെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ 2016-17 വർഷം ഒട്ടേറെ വാങ്ങലുകൾ നടത്തിയിട്ടുണ്ട്.

ജനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും പ്രദാനം ചെയ്യുന്നതിന് വേണ്ടി പൊതുവിഭവങ്ങൾ വിനിയോഗിക്കുന്നതിൽ വർദ്ധിച്ച കാര്യക്ഷമതയും ഗുണഫലവും ഉറപ്പാക്കുന്നതിന് ക്രിയാത്മക ഇടപെടലുകൾ നടത്താൻ ലക്ഷ്യമിട്ട് നടപ്പിലാക്കാൻ ഉദ്ദേശിച്ച ഈസംവിധാനം കുറ്റമറ്റരീതിയിൽ നഗരസഭയിൽ നടക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനുട്സ് ഓഡിറ്റിന് ഹാജരാക്കാത്തത് വീഴ്ചയായി കാണുന്നു.മിനുട്സ് ഹാജരാക്കാത്തതിന് ഉത്തരവാദപ്പെട്ടവർ വിശദീകരണം നൽകേണ്ടതാണ്.

## 3-16 മരുന്നുകൾക്കും ഉപകരണങ്ങൾക്കുമായി മുൻകൂർ തുക നൽകിയെങ്കിലും മുഴുവനായും സപ്ലൈ ചെയ്തിട്ടില്ല

1) പ്രോജക്ടിന്റെ പേര് : എസ്.089/17 മട്ടന്നൂർ സി.എച്ച്.സി. ക്ക് മരുന്ന വാങ്ങൽ

നൽകിയ തുക : 1,33,200/-

ബിൽ നം. : 01/16-17/20.03.2017

2) പ്രോജക്ടിന്റെ പേര് : എസ്.090/17 പാലിയേറ്റീവ് കെയർ

നൽകിയ തുക : 31834/-

ബിൽ നം. : 05/16-17/22.03.2017

മേൽ പ്രോജക്ടുകൾ പ്രകാരം മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് മെഡിക്കൽ ഓഫീസർ (സി.എച്ച്.സി ) മുഖേന മെഡിക്കൽ സർവീസസ് കോർപറേഷന് തുകകൾ മുൻകൂർ നൽകിയെങ്കിലും ക്രമനമ്പർ 1 പ്രകാരം 8752/- രൂപയുടെ മരുന്നുകളും ക്രമനമ്പർ 2 പ്രകാരം 6644/- രൂപയുടെ ഉപകരണങ്ങളും ലഭിക്കാൻ ബാക്കിയാണ്. ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 പ്രവൃത്തി പൂർത്തിയാക്കിയതിലെ കാലതാമസം - പിഴ ഈടാക്കിയില്ല

പരിഷ്കരിച്ച പൊതുമരാമത്ത് മാന്വൽ പ്രകാരം നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തിയാക്കാത്തപക്ഷം 1% പിഴയോടെ 25% ദിവസവും 2% പിഴയോടെ അടുത്ത 25% ദിവസവും കൂടി കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. മട്ടന്നൂർ നഗരസഭയിലെ മുനിസിപ്പൽ എഞ്ചിനീയർ മുഖേന നടപ്പാക്കിയ ചില പൊതുമരാമത്ത് പ്രവൃത്തികളിൽ

ഇത്തരത്തിൽ പിഴ ഈടാക്കുന്നതിൽ അപാകത സംഭവിച്ചതിനാൽ നഗരസഭാ ഫണ്ടിന് താഴെ പറയും വിധത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട്.

1) പ്രൊജക്റ്റ് - എസ്. 073/17 മണക്കായി പാറേക്കാട് റോഡ് റീടാറിങ്

ബിൽ നം -01/16-17 തീയ്യതി.08.08.2016 രൂ.2,56,177/-

അടങ്കൽ - 4,17,000/- (സംരക്ഷണഗ്രാന്റ് - റോഡ്)

പി.എ.സി - 2,68,989/-

കരാർ നം./ തീയ്യതി- 34/15-16/09.11.2015

കരാറുകാരൻ - ശ്രീ. കെ.രത്നാകരൻ

പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയ്യതി - 08.03.2016

പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി - 26.04.2016

മേൽ പ്രവൃത്തിയിൽ 8070/- രൂപ ( പി.എ.സി. യുടെ 3% ) പിഴ ഈടാക്കേണ്ടതാണ്.

2.പ്രോജക്റ്റ് - എസ്.163/17 കുംഭം മൂല കോളാരി റോഡ് ഡ്രെയിൻ & സൈഡ്

പ്രൊട്ടക്ഷൻ

ബിൽ നം. - 47/16-17 dt. 17.03.2017 രൂ.2,53,483/- (ധന കമ്മീഷൻ ഗ്രാന്റ്)

പി.എ.സി. - 2,63,483/-

പ്രവൃത്തി ആരംഭിച്ച തീയ്യതി - 31.10.2015

പൂർത്തീകരിക്കേണ്ടിയിരുന്ന തീയ്യതി - 30.01.2016

പൂർത്തീകരിച്ച തീയ്യതി - 29.02.2016

കരാറുകാരൻ - ശ്രീ. സി.ദിനേശൻ

മേൽ പ്രവൃത്തിയിൽ കരാറുകാരനിൽ നിന്ന് പി.എ.സി.യുടെ 3% തുകയായ 7,904/- രൂപ ഈടാക്കേണ്ടതാണ്.

## 3-18 ഇ-ടെണ്ടർ-ടെണ്ടർ ഫീ ഇനത്തിലെ തുക തനത് ഫണ്ട്-അക്കൌണ്ടിലേക്ക് മാറ്റിയിട്ടില്ല

നഗരസഭയിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ വഴി ലഭിക്കുന്ന ടെണ്ടർ ഫീസ് നിലവിൽ നഗരസഭാ എഞ്ചിനീയറുടെ അക്കൗണ്ടിലാണ് (അക്കൗണ്ട് നം.67269891050 എസ്.ബി.ഐ. മട്ടന്നൂർ ബ്രാഞ്ച്) നിക്ഷേപിക്കുന്നത്. 2016-17 – ൽ ടെണ്ടർ ഫീ ഇനത്തിൽ 1,92,200/- രൂപ നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. ടെണ്ടർ ഫീ ഇനത്തിൽ മുൻവർഷങ്ങളിൽ ലഭിച്ച തുകകളും മറ്റു നിക്ഷേപങ്ങളും ഉൾപ്പെടെ മേൽ അക്കൗണ്ടിൽ 5,12,300/- രൂപ നിലവിൽ

അവശേഷിക്കുന്നുണ്ട്. ഈ തുകകളുടെ ഇനം, വർഷം എന്നിവ തിരിച്ചുള്ള കണക്കുകൾ നഗരസഭ സൂക്ഷിച്ചിട്ടില്ല. തുകകൾ സംബന്ധിച്ച കൃത്യമായ കണക്കുകൾ തയ്യാറാക്കേണ്ടതും ടെണ്ടർ ഫീ ഇനത്തിലെ തുക തനത് ഫണ്ടിലേക്ക് മാറ്റാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

നഗരസഭയിൽനിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മേൽ വിവരം ചേർത്തിട്ടുള്ളത്. മുൻവർഷങ്ങളിൽ ലഭിച്ച് ഇതുവരെയായി ചെലവഴിക്കാൻ ബാക്കിയായ ഫണ്ടുകൾ (അക്കൌണ്ടിലെ ബി 4 ഷെഡ്യൂൾ പ്രകാരം കാണിച്ചിട്ടുള്ളത്). സർക്കാർ നിർദ്ദേശപ്രകാരം ചെലവഴിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.സ്വീകരിച്ച നടപടികളുടെ വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | സമ്പൂർണ്ണ വൈദ്യുതീകരണത്തിന് നഗരസഭാ വിഹിതം | ബിൽ നം.23/31.03.2017 | 1000000 | 1000000 | 0 |
| കേരള വാട്ടർ അതോറിറ്റി | വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | | 22605 | 22605 | 0 |

ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിവരങ്ങൾ മുൻകൂർ റജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. നഗരസഭയിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മേൽ വിവരം ചേർത്തിട്ടുള്ളത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ 2016-17 | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം (KURDFC) | GO.147/ 2009/ തസ്വഭവ dtd 29/07/ 2009 | 29319119 | 24319119 | 11130040 | 3678873 | 3434051 | 31770286 |
| 2. ഇ.എം.എസ് ഭവനപദ്ധതി (ബാങ്ക് ലോൺ) | GO.1322/ 2010/ തസ്വഭവ തീ. 16/04/2010 | 18407500 | 4791166 | ഇല്ല | ഇല്ല | ഇല്ല | 4791166 |

നഗരസഭ സൂക്ഷിക്കുന്ന വായ്പാ റജിസ്റ്ററിൽ സാമ്പത്തിക വർഷത്തെ അടിസ്ഥാനമാക്കി കണക്കുകൾ സൂക്ഷിക്കുന്നില്ല. വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പയുടെ

വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. നഗരസഭ ഓഡിറ്റിന് സമർപ്പിച്ച വിവരങ്ങളുടെ അടിസ്ഥാനപ്പെടുത്തിയാണ് മേൽ വിവരങ്ങൾ ചേർത്തിട്ടുള്ളത്. ഇത്തരം കാര്യങ്ങളിൽപോലും വേണ്ടത്ര ശ്രദ്ധാന്തിയോടെ രേഖകൾ സൂക്ഷിക്കാത്തത് ഗൗരവമായി കാണുന്നു. വിശദീകരണങ്ങൾ നൽകേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4309224 |
| തൻവർഷം നിക്ഷേപിച്ച തുക | 696028 * |
| ആകെ | 5005252 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5005252 |

* പലിശ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 2736986 |
| കോളാരി സർവ്വീസ് ബാങ്ക് | 1747266 |
| ക്ലീൻ കേരള കമ്പനി ലിമിറ്റഡ് ഷെയർ സർട്ടിഫിക്കറ്റ്നം.33/26.05.2014 | 500000 |
| കേരള അർബൻ ഡെവലപ്പ് മെന്റ് ഫിനാൻസ് കോർപ്പറേഷൻ ഷെയർ സർട്ടിഫിക്കറ്റ് നം.256/ 13.01.1993 | 6000 |

| | |
|---|---|
| കേരള അർബൻ ഡെവലപ്പ് മെന്റ് കോർപ്പറേഷൻ ഷെയർ സർട്ടിഫിക്കറ്റ്നം.207/തീയ്യതി ഇല്ല. | 15000 |
| ആകെ | 5005252 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് കാലയളവിൽ ലഭിച്ച 74153/--രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2015-16 | ഭാഗം 3 | 2260 | പി ഷർമ്മിള, സൂപ്രണ്ട് | 606/15-16 01/12/2016 |
| 2015-16 | ഭാഗം 3 | 8360 | ഗംഗാധരൻ സി, എച്ച്.സി | 606/15-16 01/12/2016 |
| 2015-16 | ഭാഗം 3 | 2520 | എൻ.കെ ജോബിൻ സീനിയർ ക്ലാർക്ക് | 606/15-16 01/12/2016 |
| 2015-16 | ഭാഗം 3 | 2660 | എം ജയചന്ദ്രൻ സീനിയർ ക്ലർക്ക് | 606/15-16 01/12/2016 |
| 2015-16 | ഭാഗം 3 | 2660 | രഞ്ചൻ വി സീനിയർ | 606/15-16 01/12/2016 |

| | | | | |
|---|---|---|---|---|
| | | | ക്ലാർക്ക് | |
| 2015-16 | ഭാഗം 3 | 2660 | സി ജയചന്ദ്രൻ<br>സീനിയർ ക്ലാർക്ക് | 606/15-16 01/12/2016 |
| 2015-16 | ഭാഗം 3 | 1320 | ബാബു വി.സി<br>ക്ലാർക്ക് | 606/15-16 01/12/2016 |
| 2015-16 | ഭാഗം 3 | 1320 | കാഞ്ചനവല്ലി<br>ക്ലാർക്ക് | 606/15-16 01/12/2016 |
| 2015-16 | ഭാഗം 3 | 2061 | ആമിന സി<br>ഓഫീസ് അറ്റൻറൻറ് | 606/15-16 01/12/2016 |
| 2015-16 | ഭാഗം 3 | 1870 | അബ്ദുൾ മുനീർ<br>ഓഫീസ് അറ്റൻറൻറ് | 606/15-16 01/12/2016 |
| 2015-16 | ഭാഗം 3 | 1880 | അജയകുമാർ പി.പി<br>ജെ.എച്ച്.ഐ ഗ്രേഡ് II | 606/15-16 01/12/2016 |
| 2015-16 | ഭാഗം 3 | 3600 | ഗംഗാധരൻ ടി<br>ഡ്രൈവർ | 11603103355 17/06/2016 |

| | | | | |
|---|---|---|---|---|
| | | | | |
| 2015-16 | ഭാഗം 3 | 3610 | ജാൻസി സി.എം<br>എ.ഇ | 11603103634<br>24/06/16 |
| 2015-16 | ഭാഗം 3 | 1400 | എം കുഞ്ഞിരാമൻ<br>ജെ.എച്ച്.ഐ ഗ്രേഡ് II | DD No 034896 /20/07/16 |
| 2015-16 | ഭാഗം 3 | 190 | വി.കെ രമാദേവി<br>എച്ച്.ഐ ഗ്രേഡ് I | DD No 596797/19/07/16 |
| 2015-16 | ഭാഗം 3 | 2340 | സുരേഷ് കുമാർ സി<br>ജെ.എച്ച്.ഐ | DD No 948479 /07/06/16 |
| 2015-16 | ഭാഗം 3 | 1422 | കെ.വി.എം ശശിധരൻ<br>സൂപ്രണ്ട് | 11603103550<br>22/06/2016 |
| 2015-16 | ഭാഗം 3 | 2520 | കെ.കെ ശശീന്ദ്രൻ | 11603106211<br>23/08/16 |
| 2015-16 | ഭാഗം 3 | 14250 | രാഗേഷ് പി<br>WS | 787559/04/02/17 |
| 2015-16 | ഭാഗം 3 | 2000 | പ്രസന്നകുമാർ | DDNO |

| | | | | |
|---|---|---|---|---|
| | | | മുട്ടത്ത് സീനിയർ ക്ലാർക്ക് | 310641/05 /08/2016 |
| 2015-16 | ഭാഗം 3 | 1050 | പ്രജിത്ത് കുമാർ തെനിശ്ശേരി സീനിയർ ക്ലാർക്ക് | DDNO 251193/05 /07/2016 |
| 2015-16 | ഭാഗം 3 | 1229 | സുവർണ്ണ കെ PWO | 111603103107 10/06/16 |
| 2015-16 | ഭാഗം 3 | 131 | ലേഷ്മ സി.കെ PWO | 111603103107 10/06/16 |
| 2015-16 | ഭാഗം 3 | 1680 | കെ ശശീന്ദ്രൻ | 111603102642 31/05/16 |
| 2015-16 | ഭാഗം 3 | 7760 | ഇന്ദിര മയിലപ്രവൻ | 111603103041 09/06/16 |
| 2015-16 | ഭാഗം 3 | 1400 | വി.വി കൃഷ്ണൻ | 111603103221 15/06/16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 170525902 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 170461228 |
| വരവിനങ്ങളിലുള്ള നഷ്ടം | 900 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4394401 |

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 900 | - | സുരേശൻ എം, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 3924401 | സുരേശൻ എം, സെക്രട്ടറി |
| 3-3 | 60000 | ബേബിസുനില പി.സി.ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-6 | 240000 | ബേബിസുനില പി.സി.ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-13 | 170000 | സുരേശൻ എം, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.സുരേശൻ.സെക്രട്ടറി | സെക്രട്ടറി<br>മട്ടന്നൂർ നഗരസഭ. | കാവിൽ<br>ഹൗസ്<br>കീഴല്ലൂർ<br>കണ്ണൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡി കകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98(തനത് ഫണ്ട്) | നം.എൽ.എഫ്/കെ.എൻ.ആർ /ബി-1/1808/11(2), 23-11-11 | 3 | |
| 1997-98 (പദ്ധതി വിഹിതം) | നം.എൽ.എഫ്/കെ.എൻ.ആർ /ബി-1/1808/11(1), 23-11-11 | 12 | |
| 1998-99 (പദ്ധതി വിഹിതം) | നം.എൽ.എഫ്/കെ.എൻ.ആർ /ബി-1/1808/11(3), 23-11-11 | 11 | |
| 1998-99 (തനത്) | നം.എൽ.എഫ്/കെ.എൻ.ആർ /ബി-1/1808/11(4), 23-11-11 | 11 | |
| 1999-00 (പദ്ധതി വിഹിതം) | നം.എൽ.എഫ്/കെ.എൻ.ആർ /ബി-1/1808/11(5), 23-11-11 | 10 | |
| 1999-00 (തനത്) | നം.എൽ.എഫ്/കെ.എൻ.ആർ /ബി-1/1808/11(6), 23-11-11 | 3 | |
| 2000-01 (പദ്ധതി | നം.എൽ.എഫ്/കെ.എൻ.ആർ /ബി-1/1808/11(7), 23-11-11 | 17 | |

| | | | |
|---|---|---|---|
| വിഹിതം) | | | |
| 2000-01 (തനത്) | നം.എൽ.എഫ്/കെ.എൻ.ആർ /ബി-1/1808/11(8), 23-11-11 | 1 | |
| 2001-02 (പദ്ധതി വിഹിതം) | നം.എൽ.എഫ്/കെ.എൻ.ആർ /ബി-1/1808/11(9), 23-11-11 | 10 | |
| 2001-02 (തനത്) | നം.എൽ.എഫ്/കെ.എൻ.ആർ /ബി-1/1808/11(10), 23-11-11 | 7 | |
| 2002-03 | നം.എൽ.എഫ്/കെ.എൻ.ആർ /ബി-1/1808/11(11), 23-11-11 | 4 | |
| 2003-04 | നം.എൽ.എഫ്/കെ.എൻ.ആർ /ബി-1/1808/11(12), 23-11-11 | 7 | |
| 2004-05 | നം.എൽ.എഫ്/കെ.എൻ.ആർ /ബി-1/1808/11(13), 23-11-11 | 13 | |
| 2005-06 | നം.എൽ.എഫ്/കെ.എൻ.ആർ /ബി-1/1808/11(14), 23-11-11 | 11 | |
| 2006-07 | നം.എൽ.എഫ്/കെ.എൻ.ആർ /ബി-3/490/13, 16-05-13 | 15 | |
| 2007-08 | നം.എൽ.എഫ്/കെ.എൻ.ആർ /ബി-3/927/13, 28-11-13 | 25 | |
| 2008-09<br>2009-10 | നം.എൽ.എഫ്/കെ.എൻ.ആർ /ബി-3/1371/13, 04-01-14 | 29 | |
| 2010-11<br>2011-12 | നം.എൽ.എഫ്/കെ.എൻ.ആർ /ബി-3/146/15, 29-07-15 | 47 | |
| 2012-13<br>2013-14<br>2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ /ബി-3/2059/16, 29-02-16 | 31 | |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ /ബി-2/178/17, 10-02-17 | 8 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.കെ.എൻ.ആർ/സി.13/1806/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഫോൺ. 0497 2707698

ഇ.മെയിൽ: doknr.ksad@kerala.gov.in

തീയ്യതി: 27.11.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് ,1994-ലെ കേരള നഗരപാലിക നിയമത്തിലെ 295(4)-ാം വകുപ്പ്, ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മട്ടന്നൂർ നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക,വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# AUDIT CERTIFICATE

No. KSA/KNR/C.13/1806/2017

Kerala State Audit Department

Kerala State Audit Department,
District Audit Office,kannur,

Phone. 0497 2707698

E-Mail. doknr.ksad@kerala.gov.in

Date. 27.11.2017

Certified that I have audited the Annual Financial Statement of Mattannur Municipality in Kannur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295 (4)of the Kerala Nagarapalika Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion,the Financial Statements of Mattannur Municipality for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Senior Deputy Director

## അനുബന്ധം2

# Income & Expenditure Statement

| Mattanur Municipality Income & Expenditure Statement For the period from 01-April-2016 to 31-March-2017 | | | |
|---|---|---|---|
| Code | Head Of Account | Schedule | Amount(Rs.) |
| | Income | | |
| 110000000 | Tax Revenue | I-1 | 16,004,152.00 |
| 120000000 | Assigned Revenues & Compensation | I-2 | 30,234.00 |
| 130000000 | Rental Income from Municipal Properties | I-3 | 8,565,985.00 |
| 140000000 | Fees & User Charges | I-4(b) | 4,663,940.00 |
| 150000000 | Sale & Hire Charges | I-5(b) | 164,379.00 |
| 160000000 | Revenue Grants, Contributions & Subsidies | I-6 | 61,806,922.00 |
| 170000000 | Income from Investments | I-7 | 2,100.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | I-8 | 677,573.00 |
| 180000000 | Other Income | I-9 | 44,474.00 |
| A | Total-Income | | 91,959,759.00 |
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 28,665,359.00 |
| 220000000 | Administrative Expenses | I-11(b) | 9,835,407.00 |
| 230000000 | Operations & Maintenance | I-12(b) | 4,477,254.00 |
| 240000000 | Interest & Finance Charges | I-13 | 3,437,771.00 |
| 250000000 | Programme Expenses | I-14 | 12,112,353.00 |
| 251000000 | Decentralised Plan Programme - Service Sector | I-14 | 6,783,820.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14 | 16,241,808.00 |

| | | | |
|---|---|---|---|
| | | | |
| 253000000 | Decentralised Plan Programme - Projects not included in Sector | I-14 | 3,527,870.00 |
| | Division | | |
| 260000000 | Revenue Grants, Contribution and Subsidies | I-15 | 933,763.00 |
| B | Total-Expenditure | | 86,015,405.00 |
| C = A-B | Gross Surplus/Deficit of Income over Expenditure | | 5,944,354.00 |
| D= 280000000 | Prior Period Item | I-18 | 41,032.00 |
| E = C-D | Gross Surplus/Deficit of Income over Expenditure after prior | | 5,903,322.00 |

| | | | |
|---|---|---|---|
| | | | |
| | period items | | |
| 290000000 | Transfer to Reserve Funds | | |
| | Net Balance being surplus/deficit carried over to Balance sheet | | 5,903,322.00 |
| | (Muncipal Fund) | | |

Senior Deputy Director

**അനുബന്ധം3**

# Receipt And Payment Statement

| |
|---|
| Mattannur Municipality |

Receipt And Payment Statement
For the period from 01-April-2016 To 31-March-2017

| code | Head Account | Schedule | Amount |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 53,954,540.51 |
| | Bank | RP-40(a) | 5,809,501.00 |
| | Cash | RP-40(a) | 368,584.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 3,904,616.00 |
| 120000000 | Assigned Revenues & Compensation | RP-2 | 30,234.00 |
| 130000000 | Rental Income from Municipal Properties | RP-3 | 363,422.00 |
| 140000000 | Fees & User Charges | RP-4 | 3,909,683.00 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | RP-5 | 164,379.00 |
| 160000000 | Revenue Grants, Contributions & Subsidies | RP-6 | 17,319,056.00 |
| 170000000 | Income from Investments | RP-7 | 2,100.00 |
| 171000000 | Interest Earned | RP-8 | 1,772,977.00 |
| 180000000 | Other Income | RP-9 | 13,381.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 19,420,561.00 |
| Non Operating | | | |
| 311000000 | Earmarked Funds | RP-22 | 12,901,210.00 |
| 320000000 | Grants, Contribution for Specific Purposes | RP-24 | 92,000,584.00 |
| 330000000 | Secured Loans | RP-25 | 11,130,040.00 |
| 340000000 | Deposits Received | RP-27 | 3,837,044.00 |
| 350000000 | Other Liabilities | RP-29 | 3,704,269.00 |

| | | | |
|---|---|---|---|
| 410000000 | Fixed Assets | RP-31 | 29,775.00 |
| 460000000 | Loans, Advances and Deposits | RP-41 | 22,571.00 |
| Grand Total | | | 230,658,527.51 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-10 | 10,148,050.00 |
| 220000000 | Administrative Expenses | RP-11 | 2,837,997.00 |
| 230000000 | Operations & Maintenance | RP-12 | 2,825,288.00 |
| 240000000 | Interest & Finance Charges | RP-13 | 3,437,771.00 |
| 250000000 | Programme Expenses | RP-14 | 12,099,043.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 13,528,033.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme – Infrastructure Sector | RP-46 | 16,241,808.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-47 | 3,527,870.00 |
| 260000000 | Revenue Grants, Contribution and Subsidies | RP-15 | 933,763.00 |
| 350000000 | Other Liabilities | RP-29 | 10,849,228.00 |
| Non Operating | | | |
| 280000000 | Prior Period Item | RP-19 | 41,032.00 |
| 311000000 | Earmarked Funds | RP-22 | 7,675,242.00 |
| 320000000 | Grants, Contribution for Specific Purposes | RP-24 | 211,150.00 |

| | | | |
|---|---|---|---|
| 330000000 | Secured Loans | RP-25 | 3,678,873.00 |
| 340000000 | Deposits Received | RP-27 | 1,332,502.00 |
| 350000000 | Other Liabilities | RP-29 | 80,327,878.00 |
| 460000000 | Loans, Advances and Deposits | RP-41 | 765,700.00 |
| | Closing Balance | | |
| | Bank | RP-40(b) | 52,737,216.51 |
| | Bank | RP-40(b) | 5,974,264.00 |
| | Cash | RP-40(b) | 1,485,819.00 |
| Grand Total | | | 230,658,527.51 |

Senior Deputy Director

## അനുബന്ധം4

# BALANCE SHEET

| Mattanur Municipality BALANCE SHEET As on 31-March-2017 | | | |
|---|---|---|---|
| Code No. | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve& Surplus | | |
| 310000000 | Muncipal (General) Fund [Code No 310] | B-1 | 52030378.37 |
| 311000000 | Earmarked Funds | B-2 | 6730640 |
| 312000000 | Reserves | B-3 | 182490500 |
| | Total Reserve& Surplus | | 241251518.37 |
| | Grants,Contributions for specific purposes | | |
| 320000000 | Grants, Contribution for Specific Purposes | B-4 | 40951184 |
| | Total Grants,Contributions for specific purposes | | 40951184 |
| | Loans | | |
| 330000000 | Secured Loans | B-5 | 36561452 |

| | | | |
|---|---|---|---|
| | Total Loans | | 36561452 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 28201274 |
| 350000000 | Other Liabilities | B-9 | 5545815.74 |
| | Total Current Liabilities and Provisions | | 33747089.74 |
| | TOTAL LIABILITIES | | 352511244.11 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 240627972 |
| 411000000 | Accumulated Depreciation | B-11 | (14916313.00) |
| 412000000 | Capital Work In Progress | B-11 | 36855261 |
| | Total Fixed Assets | | 262566920 |
| | Investments | | |
| 420000000 | Investments - General Fund | B-12 | 3008758 |
| | Total Investments | | 3008758 |

| | | | |
|---|---|---|---|
| | Current Assets,Loans and Advances | | |
| 430000000 | Stock-in-hand | B-14 | 593127 |
| 431000000 | Sundry Debtors (Receivables) | B-15 | 10217864.6 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | (1229846.00) |
| 450000000 | Cash and Bank balance | B-17 | 60197299.51 |
| 460000000 | Loans, Advances and Deposits | B-18 | 17084466 |
| | Total Current Assets,Loans and Advances | | 86862911.11 |
| | Other Assets | | |
| 470000000 | Other Assets | B-19 | 72655 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0 |
| | Total Miscellaneous Expenditure(To the Extent not written off) | | 72655 |

| | | | |
|---|---|---|---|
| | | | |
| | TOTAL ASSETS | | 352511244.11 |

Senior Deputy Director